
# ANNE'S Digest

MARCH 2024



ST. ANNE'S CHURCH

WEST FORT, THRISSUR - 680 004.

# Wedding

28-JANUARY-2024



## JOEL

**S/o Mrs. Reena Hanson & Mr. M.J. Hanson**
**Muttath House, Near Nirmala College, Chungam, Poothole P.O, Thrissur**

## JULIET

**D/o Mrs. Stella Varghese & Mr. K.J. Varghese**
**Kallukaran House, Ground Road, Alagappanagar P.O, Thrissur**

st.Xavier unit






# സെന്റ് ആൻസ് ചർച്ച്, തൃശൂർ

**തൃശൂർ – 680 004**



**Vicar Personal Mob : 8903211951**
**Church Off: 8281832244**

web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr



വാല്യം: 35 | ലക്കം: 3



## പത്രാധിപസമിതി

- **ചീഫ് എഡിറ്റർ**
  റവ.ഫാ. ജോൺസൺ അന്തിക്കാടൻ 8903211951
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി**
  ബിജി സജു 9947024137
- **ട്രഷറർ**
  ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

ഫ്രാൻസീസ് ചക്കാലയ്ക്കൽ 9074923401
ബിജു ആലപ്പാട്ട് 9847069639
ജോളി കുര്യാക്കോസ് 7293103400
അനിറ്റ ജോസ് 9400887792
സോളമൻ ബ്രഹ്മകുളം 9995402660
നോബിൾ പാട്രിക് 8907139955

- **കൈക്കാരന്മാർ**

ബിജു പൗലോസ് 8590951469
ബിജോയ് മൂക്കൻ 9745844224
ഡേവി പടിക്കല 9488515110
സോളമൻ ബ്രഹ്മകുളം 9995402660


## ഉള്ളടക്കം


എഡിറ്റോറിയൽ
ഇടയശബ്ദം
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
അനുദിന വിശുദ്ധർ
സഭാവാർത്തകൾ
വിശുദ്ധവാര തിരുകർമ്മങ്ങൾ
വിദ്യാർത്ഥികളോട്
വാർദ്ധക്യത്തിന്റെ വശ്യതയും –
വൈധവ്യത്തിന്റെ വിതമ്പലും
കൂനുള്ള സ്ത്രീയും കൈ ശോഷിച്ചവനും
Fun with English: What's in a Word? (005)
ശപിക്കപ്പെട്ട കുരിശുകൾ –
നന്ദിയായി തീരുമ്പോൾ
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന



- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL

ഫ്രാൻസിസ് തോംസൺ എന്ന പ്രശസ്തനായ ആംഗലയ കവിയുടെ ലോകപ്രസിദ്ധമായ കവിതയാണ് Hound of Heaven. നാം ദൈവത്തെ വിട്ട് എവിടെ ഒളിച്ചാലും നമ്മെ വിടാതെ പിന്തുടരുകയും ഒടുവിൽ പിടികൂടുകയും ചെയ്യുന്ന ദൈവസ്നേഹത്തെ ഒരു വേട്ട നായ് ആയി സങ്കല്പിച്ചുകൊണ്ടുള്ള അതിമനോഹരമായ കവിതയാണിത്.

തന്റെ അനുഭവത്തിൽ ചാലിച്ചാണ് അദ്ദേഹം ഇത് രചിച്ചത് എന്നു പറയാം. ദൈവഭക്തിയുള്ള ഒരു കുടുംബത്തിലായിരുന്നു ഫ്രാൻസിസ് തോംസണിന്റെ ജനനം. ഒരു വൈദികനാകണമെന്നായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ ആഗ്രഹം. അതിനായി വേദശാസ്ത്രം പഠിക്കുവാൻ തുടങ്ങി. പക്ഷെ കുറച്ചുകഴിഞ്ഞപ്പോൾ അതിൽ താല്പര്യം നഷ്ടപ്പെട്ടു. തുടർന്നു വൈദ്യശാസ്ത്രം പഠിക്കുവാൻ തുനിഞ്ഞു. അലസതയും പഠനത്തോടുള്ള വിരസതയും കാരണം അതും ഉഴപ്പി. തുടർന്ന് ലഹരി മരുന്നുകളുടെ ഇരുണ്ട ലോകത്തേക്കുള്ള പ്രയാണം ജീവിതം നാശത്തിലേക്ക് കൂപ്പുകുത്തുകയായിരുന്നു.

ലണ്ടൻ നഗരത്തിലെ തെരുവിൽ അലഞ്ഞ ആ ചെറുപ്പക്കാരൻ വിശപ്പടക്കാൻ, ഷൂ പോളീഷുചെയ്യുക, കുതിരയെ സൂക്ഷിക്കുക തുടങ്ങിയ കൊച്ചുപണികൾപോലും ചെയ്യാൻ തയ്യാറായി. ഇതിനിടെ അദ്ദേഹം എഴുതിയ ഒന്നുരണ്ടു കവിതകൾ ഒരു പത്രാധിപരുടെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം അവ പ്രസിദ്ധപ്പെടുത്തി. അദ്ദേഹം ഫ്രാൻസീസ് തോംസൺ എന്ന യുവകവിയെ ആദ്യമായി കണ്ടുമുട്ടിയപ്പോൾ കവിയുടെ നില തീർത്തും പരിതാപകരമായിരുന്നു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ, എല്ലും തോലുമായ ശരീരം. ഈ അവസ്ഥയിൽ നിന്ന് അദ്ദേഹത്തെ അനുഗൃഹീതനായ കവിയായി ഉയർത്തി എടുത്തത് ആ പത്രാധിപനും പത്നിയുമായിരുന്നു. അവരിലൂടെ, അതുവരെ തന്നെ പിന്തുടർന്ന ദൈവസ്നേഹത്തെക്കുറിച്ച് കേൾക്കാൻ ഇടയായ തോംസൺ ഒടുവിൽ ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചു. തുടർന്ന് അദ്ദേഹം 'സ്വർഗ്ഗത്തിന്റെ വേട്ടനായ്' എന്ന കവിത രചിച്ചു. അതിന്റെ ആശയം ഇങ്ങനെ : "രാവും പകലും ഞാൻ ദൈവത്തിൽ നിന്ന് ഓടി അകന്നു. പക്ഷേ ദൈവസ്നേഹം എന്നെ വിടാതെ പിന്തുടർന്നു. ഒരു വേട്ടനായെപ്പോലെ. ഞാൻ പക്ഷെ കീഴടങ്ങാതെ ഓടിയൊളിച്ചു. എന്നാൽ ഞാൻ ചെന്നിടത്തെല്ലാം ആ വേട്ട നായ് എന്ന പിന്തുടർന്നു ഒടുവിലിതാ...."

“ദൈവസ്നേഹത്തിനു കീഴടങ്ങാതെ നിത്യജീവിതത്തിന്റെ തിരക്കുകളിൽ ഒളിക്കുന്ന ഒട്ടേറെ പേരുണ്ട്. ഒരുപക്ഷേ ഇതു വായിക്കുന്ന നിങ്ങൾ അത്തരം ഒരാളാകാം. എന്നാൽ ഈ വരികളിലൂടെ സ്വർഗ്ഗത്തിന്റെ വേട്ടനായ് നിങ്ങളെ വീണ്ടും കണ്ടെത്തിയിരിക്കുന്നു. മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തെപ്രതി തന്റെ ജീവനും ചോരയും പൊടിഞ്ഞപ്പോൾ മുറിവേറ്റ ആ ഹൃദയവും പിടഞ്ഞത് നമ്മുടെ ഓരോരുത്തരുടേയും തിരിച്ചുവരവ് പ്രതീക്ഷിച്ച് തന്നെയാണ്. ഈ സ്നേഹത്തിനുമുമ്പിൽ നിങ്ങൾ ഇപ്പോൾ ഫ്രാൻസിസ് തോംസണെപ്പോലെ കീഴടങ്ങുമോ?”

**നോമ്പിന്റെയും ത്യാഗത്തിന്റെയും പുണ്യദിനങ്ങൾ**
**കടന്ന് ആത്മത്യാഗത്തിന്റെ സന്നിധിയിൽ**
**താഴ്മയോടെ ചേർന്നുനില്ക്കുവാൻ**
**ഇപ്പോഴാകുന്നു രക്ഷാദിവസം**
**ഇപ്പോഴാകുന്നു സുപ്രധാനകാലം.**

## ഏവർക്കും ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ...

പത്രാധിപസമിതി

---

## മാർച്ച് 2024 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

1 വെള്ളി : ആദ്യവെള്ളി വൈകീട്ട് 5.30ന് കുമ്പസാരം. 6ന് വി. കുർബാന, നൊവേന, കുരിശിന്റെ വഴി നേർച്ചക്കഞ്ഞി.
3 ഞായർ
6 ബുധൻ : പാതിനോമ്പ്
8 വെള്ളി : 6.pm വി. കുർബ്ബാന കുരിശിന്റെ വഴി, നേർച്ചകഞ്ഞി
10 ഞായർ
15 വെള്ളി : 6.pm വി. കുർബ്ബാന കുരിശിന്റെ വഴി, നേർച്ചകഞ്ഞി
17 ഞായർ
18 തിങ്കൾ : ജറുസലെമിലെ വി. സിറിൽ
19 ചൊവ്വ : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
22 വെള്ളി : 6.pm വി. കുർബ്ബാന കുരിശിന്റെ വഴി, നേർച്ചകഞ്ഞി
24 ഞായർ : ഓശാന ഞായർ
25 തിങ്കൾ : മംഗളവാർത്തത്തിരുനാൾ
28 പെസഹാവ്യാഴം
29 പീഡാനുഭവെള്ളി
30 വലിയ ശനി
31 ഉയിർപ്പ് ഒന്നാം ഞായർ : നമ്മുടെ കർത്താവിശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ




# എന്തു സ്നേഹമുള്ള കൂട്ടരാണ്!

അയാൾ പറഞ്ഞ് തുടങ്ങി:

ഏതാണ്ട് 4 വർഷം മുമ്പ് ഞങ്ങളുടെ വീടിന്റെ തൊട്ടടുത്ത് പുതിയ അയൽക്കാർ വന്നു. വളരെ സ്നേഹമുള്ള ആളുകൾ. ഞങ്ങളുമായി പരിചയപ്പെട്ടു. പലപ്പോഴും വീട്ടിലേക്ക് വരും; പ്രത്യേകിച്ച് വിഷയമൊന്നുമില്ലെങ്കിലും കുറേനേരം സംസാരിച്ചിരിക്കും; അവരുടെ നാട്ടിലെയും വീടുമായി ബന്ധപ്പെട്ടും ഒക്കെയുള്ള കാര്യങ്ങൾ ഹൃദ്യമായി ഞങ്ങളുമായി പങ്കുവയ്ക്കും. വളരെ ഓമനത്തമുള്ള രണ്ട് മക്കളുണ്ട് അവർക്ക്. ഞങ്ങൾക്ക് കുട്ടികളെ വളരെ ഇഷ്ടമാണെന്നറിഞ്ഞതോടെ അവരുടെ മക്കളെ ഞങ്ങളുടെ വീട്ടിലാക്കി പോകാനൊക്കെ തുടങ്ങി. വളരെപ്പെട്ടെന്ന് അവർ ഞങ്ങൾക്ക് ഏറ്റവും വേണ്ടപ്പെട്ടവരായി.

ഒരു ദിവസം വളരെ മടിച്ച് ഒരാഴ്ചത്തേക്ക് അല്പം പൈസ കടമായി ചോദിച്ചപ്പോൾ ഞങ്ങൾക്ക് കൊടുക്കാൻ മടിയൊന്നുമുണ്ടായില്ല. കൃത്യസമയത്തുതന്നെ അത് തിരികെ തരികയും ചെയ്തു. കുറച്ചുമാസങ്ങൾക്ക് ശേഷം വീണ്ടും കുറേക്കൂടി വലിയ സംഖ്യ ചോദിച്ചു, കൊടുത്തു, കൃത്യസമയത്ത് തിരികെ തന്നു. പിന്നീടുള്ള സംഭാഷണങ്ങളിൽ അവരുടെ സാമ്പത്തിക കാര്യങ്ങളും ബിസ്സിനസ്സിന്റെ വിശദാംശങ്ങളുമൊക്കെ ചർച്ചാവിഷയമായി. ഞങ്ങളിൽനിന്ന് ഇടയ്ക്കിടെ വാങ്ങുന്ന 1, 2 ലക്ഷം രൂപയ്ക്ക് പലിശയായിട്ടല്ല ലാഭത്തിൽ ഓഹരിയായി കണക്കാക്കിയാൽ മതിയെന്ന് പറഞ്ഞ് അല്പം പണം കൂടുതൽ തരാൻ തുടങ്ങി. 2 കൊല്ലം കൊണ്ട് 1, 2 ലക്ഷങ്ങൾ എന്നത് 10, 20 ലക്ഷങ്ങളായി. അങ്ങനെ പൊയ്കൊണ്ടിരിക്കെ ഒരു ദിവസം അയാളെ കാണാനില്ല. എനിക്കാധിയായി, അയാൾ എങ്ങോട്ട് പോയെന്ന് അയാളുടെ ഭാര്യയ്ക്കും മക്കൾക്കും അറിയില്ലത്രേ!

ആ സ്ത്രീക്കും മക്കൾക്കും അയാളെ കാണാതായതിൽ വലിയ പ്രയാസമുള്ളതായൊന്നും ഞങ്ങൾക്ക് തോന്നിയില്ല. ഒരു മാസമൊക്കെ കഴിഞ്ഞപ്പോൾ മടിച്ച് മടിച്ചാണെങ്കിലും ഞങ്ങൾ തരാനുള്ള പണത്തെപ്പറ്റി പറഞ്ഞു. മടി





യൊന്നും കൂടാതെ ആ സ്ത്രീ പറഞ്ഞു: ഇനി ഇക്കാര്യം പറഞ്ഞ് ഇവിടെ വന്നാൽ ഭർത്താവില്ലാതെ താമസിക്കുന്ന എന്നെ മാനസികമായി പീഡിപ്പിക്കുന്നു എന്ന് പറഞ്ഞ് ഞാൻ കേസുകൊടുക്കും.

ആ മാസം അവസാനം അവർ അവരുടെ നാട്ടിലേക്ക് തിരിച്ചുപോയി. അയാൾ വിദേശത്ത് എവിടെയോ ആണത്രേ. കൂടുതൽ അന്വേഷിച്ചപ്പോൾ മനസ്സിലായി ഞാൻ മാത്രമല്ല ഞങ്ങളുടെ വീടിന്റെ പരിസരത്തൊക്കെയുള്ള വേറെ ചിലരും ചതിക്കപ്പെട്ടിട്ടുണ്ട്. അവരും ഇങ്ങനെ കരുതിയതാണ്: എത്ര സ്നേഹമുള്ള കൂട്ടരാണ്.

നമുക്ക് പരിചയക്കാരും സ്നേഹിതരും വേണ്ടപ്പെട്ടവരും ആവശ്യങ്ങളിൽ സഹായിക്കുന്നവരുമൊക്കെയായി പുതിയ കുറേ ആളുകൾ നമ്മളെ തേടി വരുന്ന ദിവസങ്ങളാണ് വരാൻ പോകുന്നത്. നമ്മുടെ രാജ്യം വീണ്ടും ഒരു തെരഞ്ഞെടുപ്പിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. സംശയംപോലും തോന്നാത്ത വിധത്തിൽ കളവിനെ സത്യമായി അവതരിപ്പിക്കാൻ അറിയുന്നവരും, ഒരിക്കലും യാഥാർത്ഥ്യമാകാൻ സാധ്യതയില്ലെന്ന് ചിന്തിക്കാൻപോലും പറ്റാത്തവിധത്തിൽ ഒരുപാട് സ്വപ്നങ്ങൾക്കൊണ്ട് കേൾവിക്കാരന്റെ മനംനിറയ്ക്കുന്നവരും എന്നും നിങ്ങളോടൊപ്പമാണ് ഞങ്ങൾ എന്ന് ആത്മാർത്ഥതയില്ലാതെ ആവർത്തിക്കുന്നവരും കളംനിറഞ്ഞ് കളിക്കാനും വേദിനിറഞ്ഞ് ആടാനും കച്ചകെട്ടി ഇറങ്ങുന്ന ദിവസങ്ങൾ.

"എത്ര സ്നേഹമുള്ള കൂട്ടരാണെന്നാണ്" അവസാനം വരെ അയാൾക്ക് തോന്നിയത്. തന്റെ അദ്ധ്വാനം മുഴുവനും; തന്റെ മക്കൾക്കായി കരുതിവച്ചത് മുഴുവനും ഏതെങ്കിലും തരത്തിലുള്ള നിർബന്ധമോ ബലപ്രയോഗമോ കൂടാതെ മറ്റൊരാൾ കൊണ്ടുപോയത് എങ്ങനെയെന്ന് ഇന്നും അയാൾക്ക് മനസ്സിലായിട്ടില്ല. "എനിക്കെന്താ പറ്റിയതെന്ന് മനസ്സിലാകുന്നില്ല" എന്നാണയാൾ വിലപിക്കുന്നത്.

ഇന്ത്യക്കെന്താ പറ്റിയതെന്ന് നാളെ വിലപിക്കാൻ ഇടവരരുത്, ഇന്ത്യൻ ജനാധിപത്യത്തിനെന്തുപറ്റി എന്ന് ആരും ചോദിക്കാൻ ഇടവരരുത്, എന്റെ മക്കളും ഇനി വരുന്ന തലമുറയും ഈ നാട്ടിൽ എങ്ങനെ ജീവിക്കും എന്ന് ആശങ്കപ്പെടാൻ ഇടവരരുത്. ബന്ധുവാര് ശത്രുവാര് എന്നറിയാത്ത രീതിയിൽ കാര്യങ്ങൾ തകിടം മറഞ്ഞിരിക്കുന്നു. വോട്ടവകാശം വിലപ്പെട്ടതാണ്. ആലോചനയോടെ, ജാഗ്രതയോടെ വേണം അതുപയോഗിക്കാൻ. താൽക്കാലിക ലാഭങ്ങളോ, പ്രാദേശിക വികാരങ്ങളോ അല്ല ഒരു നാടിന്റെ നന്മയും ജനാധിപത്യ മൂല്യങ്ങളും സംരക്ഷിക്കാനും നിലനിൽത്താനും എന്റെ വോട്ട് ഉപകാരപ്പെടണം എന്ന ചിന്തയാണ് വോട്ട് രേഖപ്പെടുത്തുന്നതിൽ നമ്മളെ നയിക്കേണ്ടത്.

ഓരോരോ പാർട്ടിയും അവരുടെ അണികളും മാധ്യമങ്ങളും ഒക്കെ ഒളിഞ്ഞും തെളിഞ്ഞും നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്ന വികാരങ്ങൾക്കനുസരിച്ചല്ല, വിവേകത്തോടെ വോട്ടവകാശം ഉപയോഗിക്കാൻ നമുക്ക് സാധിക്കട്ടെ.

സസ്നേഹം,

**ജോൺസനച്ചൻ**



# "നാല് മാർപ്പാപ്പമാർ കുമ്പിട്ടാരാധിച്ച പോർച്ചുഗലിലെ ദിവ്യകാരുണ്യ അത്ഭുതം."



**സി. മേഴ്സി ചാലക്കൽ**
S.L.M.I

1346 ഫെബ്രുവരി 16-ാം തിയ്യതി അൽഫോൻസാ നാലാമൻ രാജാവിന്റെ അന്വേഷണപ്രകാരം, ഒരു യുവതി ഭർത്താവിനോടുള്ള അസൂയയെ പ്രതി ഒരു മന്ത്രവാദിനിയുടെ അടുത്ത് ചെല്ലുകയും ആ മന്ത്രവാദിനി പറഞ്ഞതനുസരിച്ച് അവർ ദേവാലയത്തിൽ നിന്ന് ഒരു തിരുവോസ്തി മോഷ്ടിക്കുകയും ചെയ്തു. അവൾ എടുത്ത തിരുവോസ്തി ഒരു ലിനൻ തുണിയിൽ പൊതിഞ്ഞുപിടിച്ചു. എന്നാൽ അത് പെട്ടെന്ന് തിരുരക്തത്താൽ നനയുകയുണ്ടാ.ി ഇതുകണ്ട് ഭയന്ന അവൾ വീട്ടിലേക്കോടി അത് തുറന്നുനോക്കി. ആ കാഴ്ചകണ്ട് അവൾ അത്ഭുതപ്പെട്ടു. തിരുവോസ്തിയിൽനിന്നും രക്തം ഒഴുകുന്നതാണ് അവൾ കണ്ടത്. പരിഭ്രാന്തയായ അവൾ തന്റെ മുറിയുടെ മേശയുടെ അകത്ത തിരുവോസ്തി സൂക്ഷിച്ചുവച്ചു. രാത്രിയായപ്പോൾ ഒരു വലിയ പ്രകാശം അവിടെയാകെ നിറഞ്ഞ്, പകൽ പോലെയായി. ഇതുകണ്ട് ഭർത്താവ് അവളോട് കാര്യം തിരക്കിയപ്പോൾ അവൾ എല്ലാം തുറന്നു പറഞ്ഞു. പിറ്റേദിവസം അവർ ദേവാലയത്തിൽ വിവരം ധരിപ്പിക്കുകയും പള്ളിയധികാരികൾ ആദരവോടെ തിരുവോസ്തിയെടുത്ത് വി. സ്റ്റീഫന്റെ ദേവാലയത്തിൽ സ്ഥാപിച്ചു.

പതിനെട്ടാം ശതാബ്ദത്തിൽ അതു പ്രധാന അൾത്താരയുടെ മുകളിൽ സ്ഥാപിച്ചു. ഈ ദിവ്യകാരുണ്യാത്ഭുതം പ്രതിഷ്ഠിച്ചിരിക്കുന്ന വി. സ്റ്റീഫന്റെ ദേവാലയം പരിശുദ്ധ കുർബാനയുടെ നാമത്തിലാണ അറിയപ്പെടുക. പിയൂസ് 4-ാമൻ, വി. പിയൂസ് 5-ാമൻ, പിയൂസ് 6-ാമൻ, ഗ്രിഗറി 14-ാമൻ എന്നീ മാർപാപ്പമാർ കുമ്പിട്ടാരാധിച്ചു. ഇന്നും അത് സാന്താറോമിലെ വി. സ്റ്റീഫന്റ ദേവാലയത്തിൽ ആരാധനയ്ക്കായി പ്രതിഷ്ഠിച്ചിരിക്കുന്നു.

സ്നേഹമുള്ളവരെ,

എല്ലാ വിസ്മയങ്ങൾക്കും അതീതമായ വിസ്മയമാണ് ദിവ്യകാരുണ്യം. മനുഷ്യബുദ്ധിക്കോ, യുക്തിക്കോ, സഹജവാസനകൾക്കോ, ഈ സ്നേഹത്തെ പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്താനാവില്ല. കടലിലെ ജലം പോലെയും, ആകാശത്തിലെ നക്ഷത്രം പോലെയും അനന്തമാണ് ദിവ്യകാരുണ്യസ്നേഹം. ഈ ദിവ്യകാരുണ്യസ്നേഹവും അനുഭവവും സ്വന്തമാക്കിയവരാണ് പിന്നീട് ക്രിസ്തുവായി രൂപാന്തരപ്പെടുന്നത്.

മുറിയപ്പെടുക എന്നാതാണ് ദിവ്യകുരുണ്യത്തിന്റെ പച്ചയായ സ്വഭാനം. ഉരുകിത്തീരുന്ന മെഴുകുതിരി പോലെയും, പൊടിഞ്ഞില്ലാതാകുന്ന ഗോതമ്പുമണി പോലെയും ദിവ്യകാരുണ്യം പൂർണ്ണമായും മുറിഞ്ഞ് ഇല്ലാതാകുന്നു. ശൂന്യമാകുന്നതിന്റെ ദൈവശാസ്ത്രതല മാത്രമാണ് ദിവ്യതാകാരുണ്യത്തിൽ പറയാനുള്ളത്. എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമുദ്രയാണ് ദിവ്യകാരുണ്യം.

എന്റേയും നിന്റേയും ജീവിതത്തിൽ ഒരുപക്ഷേ പ്രശ്നങ്ങളുടെ വേലിയേറ്റങ്ങളുണ്ടായിരിക്കാം. എന്നാൽ ഈ പ്രശ്നവേലിയേറ്റങ്ങളെയെല്ലാം പരിഹരിക്കാൻ ദിവ്യകാരുണ്യത്തിന് മാത്രമേ സാധിക്കൂ.

ദിവ്യകാരുണ്യം ഒരു സൗഖ്യത്തിന്റെ അനുഭവവമാണ്. നിന്റെ ചങ്കുപൊട്ടിയിട്ടുള്ള പ്രാർത്ഥനയ്ക്ക് ദിവ്യകാരുണ്യത്തിന് ഉത്തരം നൽകാതിരിക്കാനാവില്ല. ഞാൻ നിനക്കുവേണ്ടി എന്തുചെയ്തു തരണമെന്നാണ് നീ ആഗ്രഹിക്കുന്നത് എന്ന് ദിവ്യകാരുണ്യം നിത്യവും നമ്മോട് ചോദിക്കുന്നു. 38 വർഷമായി സൗഖ്യം കൊതിച്ച തളർവാത രോഗിയുടെ മുമ്പിൽ ദിവ്യകാരുണ്യരൂപൻ അവതരിച്ചു, കിട്ടി ഉടനടി സൗഖ്യം. 12 വർഷത്തിന്റെ നീറ്റലും, വേദനയും അനുഭവിച്ച് സൗഖ്യം കരകാണാക്കടലുപോലെയാണെന്ന് നിനച്ച് ഒരു ഭാഗ്യപരീക്ഷണമെന്നോണം ദിവ്യകാരുണ്യവസ്ത്രത്തുമ്പിൽ സ്പർശിച്ചു, സൗഖ്യം അവൾ പോലുമറിയാതെ ഒരു നിഴൽ പോലെ അവളെ ആശ്വസിപ്പിച്ചു. എല്ലാം സമൃദ്ധമായ് ഉണ്ടായിട്ടും മാനസിക സൗഖ്യമില്ലാതിരുന്ന സക്കേവൂസിന്റെ ഭവനത്തിലേക്ക് ദിവ്യകാരുണ്യരൂപൻ എഴുന്നള്ളിയപ്പോൾ അവന് മാത്രമല്ല ആ കുടുംബത്തിന് മുഴുവൻ സൗഖ്യവും രക്ഷയും ലഭിച്ചു. ശാരീരികവും മാനസികവുമായ വേദനയിലൂടെ നീറിപ്പുറഞ്ഞ് കുരിശിലെ കള്ളൻ ഈ പാപിയോട് കനിയണേയെന്ന് നിലവിളിച്ച് സൗഖ്യത്തിനായ് ദാഹിച്ചു; ഓസ്തിരൂപൻ അവനെ ഒരു വാക്കുകൊണ്ട് പറുദീസയുടെ വിസ്മയ ഭൂമിയിലേക്ക് സൗഖ്യം നൽകി ആനയിച്ചു. ഇന്നും ദിവ്യകാരുണ്യം, വിശുദ്ധ ബലിയിലൂടെ പെയ്തിറങ്ങുന്നുണ്ട്. ദാഹത്തോടെ, എരിവോടെ, ആ കവിഞ്ഞൊഴുകുന്ന സ്നേഹത്തോട് നമുക്ക് സൗഖ്യത്തിനായ് അപേക്ഷിക്കാം. ഓരോ വിശുദ്ധ ബലിയർപ്പണവും ഇന്നുമുതൽ നമുക്ക് അനുഗ്രഹമാകട്ടെ.

“നന്മചെയ്യാനും സ്നേഹിക്കാനും ആഗ്രഹമുണ്ടോ? ദിവ്യബലിയിൽ പങ്കെടുക്കുക.” ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളാണിത്. ശവസംസ്കാര ശുശ്രൂഷയിൽ പുരോഹിതൻ ചൊല്ലുന്ന ഒരു പ്രാർത്ഥന ഉച്ചരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. “ഇയാൾ സ്വീകരിച്ച കൂദാശകൾ അത്യുന്നതായ ദൈവത്തിന്റെ മുമ്പിൽ ഈയാളെ രക്ഷിക്കുമാറാകട്ടെ.” പരിശുദ്ധ കുർബാന കൂദാശകളുടെ കൂദാശയാണ്. അതിലൂടെ വേണം നമുക്ക് സ്വർഗ്ഗത്തിലെത്താൻ.

“എന്റെ ശരീരം ഭക്ഷിക്കുകയും, രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. (യോഹ 6:56).



വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും
സുവർണ്ണ
മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ
Ph : 2381588, Mob : 9895086914
നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.

# അനുദിന വിശുദ്ധർ

## മാർച്ച് 9
## വി. ഫ്രാൻസെസ്സ്
## (1384–1440)



**മിസ്സിസ് ടെസ്സി ആന്റോ**

ഭർത്താവിന് ഒരു കൊച്ചുമനഃപ്രയാസംപോലും വരുത്താതെ നാല്പതുകൊല്ലം ജീവിച്ച ഫ്രാൻസെസ്സ് വിവാഹിത സ്ത്രീകൾക്ക് ഉത്തേജനമായിരിക്കേണ്ടതാണ്. അവളുടെ പ്രാർത്ഥനാശീലവും സകലർക്കും മാതൃകയാണ്.

ഇറ്റലിയിൽ കുലീനമാതാപിതാക്കന്മാരിൽ നിന്ന് ഫ്രാൻസെസ്സ് ജനിച്ചു. ചെറുപ്പം മുതൽ ഒരു സന്യാസജീവിതം ആഗ്രഹിച്ചിരുന്നുവെങ്കിലും മാതാപിതാക്കളുടെ ആഗ്രഹപ്രകാരം 1396ൽ ഒരു റോമൻ പ്രഭുവായ ലോറൻസുലൊൻ സാനിയെ ഫ്രാൻസെസ്സ് വിവാഹം കഴിച്ചു. ഭർത്താവിനെ സ്നേഹിച്ചും അനുസരിച്ചും നാല്പതുകൊല്ലം ഒരു മാതൃകാഭാര്യയായി ജീവിച്ചു. ആഡംബരങ്ങളിൽ നിന്നകന്ന് പ്രാർത്ഥനയിലും ധ്യാനത്തിലും വി. കുർബ്ബാനയുടെ സന്ദർശനത്തിലും അവൾ ആനന്ദം കണ്ടെത്തി. “വിവാഹിതയായ ഒരു സ്ത്രീ എന്തിനെങ്കിലും വിളിക്കപ്പെട്ടാൽ ഭക്ത്യാഭ്യാസങ്ങൾ നിർത്തിവെച്ചു കുടുംബജോലികളിൽ ദൈവത്തെ കാണണം” എന്നാണ് അവൾ പറഞ്ഞിരുന്നത്. അപ്രകാരം തന്നെ അവൾ പ്രവർത്തിച്ചുവന്നു.

ഭർത്താവ് മരിക്കുന്നതിന് ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ശാരീരിക പ്രായശ്ചിത്തങ്ങളനുഷ്ഠിക്കാൻ അദ്ദേഹം അവൾക്ക് അനുവാദം കൊടുത്തു. അന്നുമുതൽ വിശിഷ്ടഭോജ്യങ്ങൾ ഉപേക്ഷിച്ചു ഭിക്ഷക്കാർക്കുള്ള ഉണക്കറൊട്ടി കഴിക്കാൻ തുടങ്ങി. മുള്ളരഞ്ഞാണം കുറേനാൾ കെട്ടി ദിവസങ്ങൾ തള്ളിനീക്കി. കുട്ടികളെ വിശുദ്ധരായി വളർത്താനും അവൾ അങ്ങേയറ്റം പരിശ്രമിച്ചു. കുരിശുകൾ അവളെ അലട്ടിക്കൊണ്ടിരുന്നു. 1413ൽ നേപ്പിൾസു രാജാവ് ലഡിസ്ളാസു റോമാനഗരം ആക്രമിക്കുകയും ഫ്രാൻസെസ്സിന്റെ ഭർത്താവിനെ നാടുകടത്തുകയും, മകൻ ജോൺ ബാപ്റ്റിസ്റ്റിനെ ജാമ്യത്തടവുകാരനായി കൊണ്ടുപോകുകയും ചെയ്തു. കോൺസ്റ്റാൻസു സൂനഹദോസിനുശേഷം സമാധാനം ഉണ്ടായപ്പോൾ ഭർത്താവ് സ്വദേശത്തേക്കു മടങ്ങി. കണ്ടുകെട്ടിയ സ്വത്ത് തിരിച്ചുകിട്ടുകയും ചെയ്തു.

ഫ്രാൻസെസ്സുവഴി തനിക്കുകൈവന്ന അനുഗ്രഹങ്ങളെ പരിഗണിച്ച് അവൾക്ക് അവളുടെ പ്രായശ്ചിത്ത മാർഗ്ഗത്തിൽക്കൂടെ നടക്കാനും താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ "ഒബ്ളെയറ്റ്സ്" എന്ന സന്യാസിനി സമൂഹം ആരംഭിക്കാനും അനുമതി നല്കി. 1433ൽ പുതിയ സഭ ആരംഭിച്ചു. 1437ൽ എവുജേനിയൂസു നാലാമൻ പാപ്പാ അതിന് അംഗീകാരം നൽകി. റോമയിൽ സഭയുടെ മാതൃഭവനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേരിൽനിന്ന് കൊള്ളാറ്റിൻസ് എന്ന് ഈ സഭയ്ക്ക് നാമമുണ്ടായി.

ഭർത്താവിന്റെ മരണശേഷം കഴുത്തിൽ ഒരു കയറുകെട്ടി നഗ്നപാദയായി നടന്ന് മഠത്തിലെത്തി സാഷ്ടാംഗം വീണ് തന്നെ മഠത്തിൽ ചേർക്കാൻ സഹോദരിമാരോട് അഭ്യർത്ഥിച്ചു. 1437ൽ മാർച്ച് 21-ാം തീയതി വി. ബെനഡിക്ടിന്റെ തിരുനാൾദിവസം അവൾ സഭാവസ്ത്രം സ്വീകരിച്ചു. സഭയിലെ എളിയ ജോലികൾ ചെയ്തു ജീവിക്കാനാണ് ആഗ്രഹിച്ചതെങ്കിലും, അംഗങ്ങൾ അവളെ മഠാധിപയായി തിരഞ്ഞെടുത്തു. പല അനുഗ്രഹങ്ങളും അവൾക്ക് കിട്ടിക്കൊണ്ടിരുന്നു. കാവൽമാലാഖ നേരിൽവന്ന് സംസാരിച്ചിരുന്നുവത്രെ. കുർബാന സ്വീകരണത്തിനുശേഷം പാരവശ്യം ഉണ്ടാകുക പതിവായിരുന്നു. 1440 മാർച്ച് 9 തീയതി 56-ാമത്തെ വയസ്സിൽ ഫ്രാൻസെസ്സ് നിര്യാതയായി. 1608ൽ അഞ്ചാം പൗലോസുമാർപാപ്പ ഫ്രാൻസെസ്സിനെ വിശുദ്ധയെന്ന് പ്രഖ്യാപിച്ചു.

---

# ബൈബിൾ ക്വിസ് മത്സര വിജയികൾ

## ബൈബിൾ ക്വിസ് മത്സരം I

ഓരൊ മാസത്തെയും മാർക്കുകൾ കൂട്ടി

### ഈ സീസണിലെ വിജയികൾ (2023 മാർച്ച് - 2024 ഫെബ്രുവരി)

**Ist Prize ലൈസ തോംസൺ**, (സെന്റ്.ആൻസ് കുടുംബകൂട്ടായ്മ)

**Ist Prize റോസി ഫ്രാൻസിസ്**, (സെന്റ്. മദർ തെരേസ കുടുംബകൂട്ടായ്മ)

**IInd Prize ഫിന്നി പി.ടി**, (സെന്റ്. ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്)

**IIIrd Prize ഡൊമിനിക് റാഫേൽ**, (സെന്റ്. ആന്റണീസ് കുടുംബകൂട്ടായ്മ)

**പുതിയ വർഷത്തെ ബൈബിൾ ക്വിസ് എപ്രിൽ മുതൽ ആരംഭിക്കുന്നു. ബൈബിൾ, കത്തോലിക്കാസഭ, ആൻസ് ഡൈജസ്റ്റ് ആധാരമാക്കി ചോദ്യങ്ങൾ തയ്യാറാക്കുന്നു. മതബോധന വിദ്യാർത്ഥികൾക്കും സീനിയർ വിഭാഗത്തിലും വെവ്വേറെ മത്സരം. അടുത്തമാസം ആരംഭിക്കുന്നു.**




# സമാധാനത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം: ഫ്രാൻസിസ് പാപ്പാ



**ഫ്രാൻസി ആന്റണി**

ഫെബ്രുവരി മാസം ഇരുപത്തിയഞ്ചാം തീയതി ഞായറാഴ്ചയാണ് ലോകത്തെ ഞെട്ടിച്ച രക്തരൂക്ഷിതമായ അക്രമങ്ങൾ ബുർക്കീനോ ഫാസോയിൽ അരങ്ങേറിയത്. വിശുദ്ധ കുർബാന മധ്യേ എസ്സാകാനെ ഗ്രാമത്തിലെ കത്തോലിക്കാ സമൂഹത്തിന് നേരെയുണ്ടായ ആക്രമണത്തിൽ പതിനഞ്ചു പേർ കൊല്ലപ്പെടുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. അതോടൊപ്പം കിഴക്കൻ ബുർക്കീനോ ഫാസോയിലെ നാറ്റിയാബോനിയിലെ ഒരു മുസ്ളീം പള്ളിയിലും ഭീകരാക്രമണം നടന്നു. പ്രധാനപ്പെട്ട മതനേതാവുൾപ്പെടെ നിരവധിപേർ കൊല്ലപ്പെടുകയും, ധാരാളം പേർക്ക് സാരമായ പരിക്കുകളേൽക്കുകയും ചെയ്തു. ഫ്രാൻസിസ് പാപ്പായുടെ ടെലിഗ്രാം സന്ദേശത്തിൽ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുകയും, ഇരകളായവരുടെ കുടുംബാംഗങ്ങളുടെ വേദനകളിൽ താനും പങ്കുചേരുന്നുവെന്ന് അറിയിക്കുകയും ചെയ്തു.മരിച്ചവരെ ദൈവത്തിന്റെ കരുണയ്ക്കായി ഭരമേല്പിക്കുന്നുവെന്നും, പരിക്കേറ്റവരുടെ രോഗശാന്തിക്കായി പ്രാർത്ഥിക്കുന്നുവെന്നും പാപ്പാ തന്റെ സന്ദേശത്തിൽ അടിവരയിട്ടു.

## കുർണൂൽ രൂപതയ്ക്ക് പുതിയ ഇടയൻ

ഇന്ത്യയിലെ, ആന്ധ്രാപ്രദേശ് സംസ്ഥാനത്തെ രൂപതയായ കുർണൂലിന്റെ പുതിയ ഇടയനായി കർമലീത്താ സഭാ വൈദികനായ ഫാ.ജോഹാന്നസ് ഗൊരാന്റലയെ ഫ്രാൻസിസ് പാപ്പാ നിയമിച്ചു. വിജയവാഡ രൂപതയിലെ നവാബു പേട്ടയിൽ 1974 ഫെബ്രുവരി 27-ന് ജനിച്ച അദ്ദേഹം, ഓസി ഡി സന്യാസ സഭയിൽ 2000 ൽ നിത്യവ്രതം ചെയ്തു. കേരളത്തിലെ തിരുഹൃദയ കോളജിൽ തത്വശാസ്ത്രവും, റോമിലെ തെരേസിയാനും സർവകലാശാലയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കിയ അദ്ദേഹം 2002, ജനുവരി 10 നു വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. റോമിലെ ബിബ്ലിക്കും സർവകലാശാലയിൽ നിന്ന് ബൈബിളിൽ ബിരുദാന്തര ബിരുദവും, ഗ്രിഗോറിയൻ സർവകലാശാലയിൽ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്.

# SPECIAL INSTITUTE FOR PRACTICAL LANGUAGE

This institute offers proficiency and efficiency courses in English language

- Various levels of speaking such as base communication level, Discussion level, Debate level and orator level.
- Total duration of course 6 months. 125 sessions *90 minutes.
- First 5 sessions are demo sessions and genuine candidates can attend without remitting any fee.
- This institute mainly focus on the improvement and up-gradation of the speaking fluency, writing skills, reading accent and listening potential.
- In the matter of speaking level it will be guaranteed course
- The tentative date of starting the first batch will be on 01-04-2024

---

**Opp : L F Convent, KLM Road, Olarikkara.**

Booking only through Phone : 8136833242, 9048152904



# സംഘടനാ വാർത്തകൾ

## സെന്റ്. വിൻസന്റ് ഡി പോൾ സൊസൈറ്റി

പ്രിയമുള്ളവരെ,

നമ്മുടെ ഇടവകയിൽ രോഗാവസ്ഥയിലോ, മറ്റെന്തെങ്കിലും അസൗകര്യങ്ങൾ മൂലമോ തിരുകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനോ, കുദാശകൾ സ്വീകരിക്കുന്നതിനോ, സാധിക്കാത്തവർക്കുവേണ്ടി ഇടവക പള്ളിയിൽ യേശുനാഥന്റെ സന്നിധിയിൽ ഒത്തുചേരുന്നതിന് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഒരു അവസരം ഒരുക്കുകയാണ്. കുമ്പസാരം, ദിവ്യബലി, രോഗീലേപനം മുതലായ ആത്മീയ ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻ നേതൃത്വം നൽകുന്നു. 2024 മാർച്ച് 17 ന് ഞായറാഴ്ച രാവിലെ 9.30 മുതൽ 11.30 വരെയാണ് സമയം. വാഹന സൗകര്യമോ, ആൾ സഹായമോ ആവശ്യമുണ്ടെങ്കിൽ കുടുംബകൂട്ടായ്മ പ്രസിഡന്റുമാരേയോ വിൻസെന്റ് ഡി പോൾ അംഗങ്ങളെയോ അറിയിച്ചാൽ സൗകര്യം ഒരുക്കുന്നതാണ്.

**സാജു പോൾതട്ടിൽ**
സെക്രട്ടറി
MOB: 7034550055

**സ്മിജോ സി.പി**
പ്രസിഡണ്ട്
MOB: 9809859775

---

**ആൻസ് ഡൈജസ്റ്റ് പരസ്യനിരക്ക് (ജനുവരി 2018 മുതൽ)**

| പേജ് | ഒരു തവണ | 6 മാസം | ഒരു വർഷം |
|---|---|---|---|
| പിൻ കവർ (കളർ) | 2500 | | |
| ഉൾകവർ (കളർ) Front in & Back in | 2000 | | |
| ഉൾപേജ് (കളർ) | 1500 | | |
| ഹാഫ് പേജ് (കളർ) | 800 | | |
| ഫുൾ പേജ് (B&W) | 900 | | |
| ഹാഫ് പേജ് (B&W) | 500 | | |
| ക്വാർട്ടർ പേജ് (B&W) | 300 | | |
| സെന്റർ പേജ് (കളർ) | 3500 | | |

# വിശുദ്ധവാര തിരുകർമ്മങ്ങൾ

## 24.03.2024 ഓശാന ഞായർ

| | |
|---|---|
| രാവിലെ 6.30ന് | തിരുകർമ്മങ്ങൾ നിർമ്മലാലയം കോളേജ ഗ്രൗണ്ടിൽ നിന്ന്ആരംഭിക്കുന്നു കുരുത്തോല കൈകളിലേന്തി പള്ളിയിലേക്ക് പ്രദക്ഷിണം, വി. കുർബ്ബാന |
| രാവിലെ 10ന് | വി. കുർബ്ബാന |
| വൈകിട്ട് 6 മണിക്ക് | വി. കുർബ്ബാന |

## 26.03.2024 ചൊവ്വാഴ്ച
## കുമ്പസാര ദിവസം സമയം 5.30 pm to 7.30 pm

## 28.03.2024 പെസഹാ വ്യാഴം

പരിശുദ്ധ കുർബ്ബാനയുടെ സ്ഥാപനദിനം.

രാവിലെ 6.30ന് തിരുകർമ്മങ്ങൾ ആരംഭിക്കുന്നു.
കാൽ കഴുകൽ ശുശ്രൂഷ, വി.കുർബാന

വൈദീക വിദ്യാർത്ഥികളുടെ പരിശീലനത്തിനായുള്ള നമ്മുടെകുടുംബ ങ്ങളുടെ കാഴചസമർപ്പണം

രാവിലെ 9 മണി മുതൽ കുടുംബ കൂട്ടായ്മകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ആരാധന. (മെഴുകുതിരി, കരി, കുന്തുരുക്കം, തുടങ്ങിയവ ആരാധനയക്ക് വരുമ്പാൾ സമർപ്പിക്കാവുന്നതാണ്.)

വൈകീട്ട് 7-8 വരെ പൊതു ആരാധന

## പെസഹാവ്യാഴം - ആരാധന സമയക്രമം

1. 9 am - 10 am — സെന്റ് അൽഫോൺസ, സെന്റ് ആൻസ്, ലീജിയൻ ഓഫ് മേരി & ദർശന സഭ
2. 10 am - 11 am — സെന്റ് ആന്റണി, സെന്റ് ഏവുപ്രാസ്യ, & കത്തോലിക്ക കോൺഗ്രസ്
3. 11 am - 12 pm — സെന്റ് ജോർജ്ജ്, സെന്റ് ഗോൺസാല, മതബോധനാധ്യാപകർ & ഗായകസംഘം
4. 12 pm - 1 pm — സെന്റ് ഇഗ്നേഷ്യസ്, സെന്റ് ജോസഫ്, നിർമ്മലാലയം & പ്രാർത്ഥനാഗ്രൂപ്പ്
5. 1 pm - 2 pm — സീനിയർ CLC & മാതൃസംഘം

| | | |
|---|---|---|
| 6. | 2 pm - 3 pm | സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട് & സെന്റ് വിൻസെൻ ഡി. പോൾ |
| 7 | 3 pm - 4 pm | സെന്റ് മാർട്ടിൻ, സെന്റ് മദർതെരേസ, & അൾത്താര ബാലന്മാർ |
| 8. | 4 pm - 5 pm | സെന്റ് മേരീസ്, സെന്റ് പയസ്, സെന്റ് സെബാസ്റ്റ്യൻ, കെ.സി.വൈ.എം., & സി.എൽ.സി. |
| 9. | 5 pm - 6 pm | സെന്റ് തോമസ്, സെന്റ് സേവ്യർ, കെ.എൽ.എം., & ഫ്രാൻസിസ്കൻ മൂന്നാംസഭ, |
| 10. | 6 pm - 7 pm | നിശബ്ദ ആരാധന |
| 11. | 7 pm - 8 pm | പൊതുആരാധന, സമാപനം |

**29.03.2024 ദുഃഖവെള്ളി**

രാവിലെ 7ന് തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. പീഡാനുഭവചരിത്ര വായന, രൂപം ചായ്ക്കൽ, വൈകീട്ട് 5.15ന് നഗരികാണിക്കൽ മര ക്കുരിശ് വീടുകളിൽ നിന്നും കൊണ്ടുവരുന്നതിനു ശ്രദ്ധിക്കുമല്ലോ

**30.03.2024 ദുഃഖശനി**

6.30ന് തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. വി. കൂർബ്ബാന. പുതു വെള്ളം വെഞ്ചിരിപ്പ് (വീടുകളിലേക്ക് പുതുവെള്ളം കൊണ്ടു പോകാൻ ചെറിയ കുപ്പി കരുതി വരിക).

**31.03.2024 ഈസ്റ്റർ**

രാത്രി 11.30ന് ഉയിർപ്പിന്റെ തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. തുടർന്ന് ആഘോഷമായ. പാട്ടു കൂർബ്ബാന.

**രാവിലെ 6.30നും വൈകീട്ട് 6.00നും വി. കൂർബാന**

## ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ

**2024 മാർച്ച്19 ചൊവ്വാഴ്ച**

# വി. യൗസേപിതാവിന്റെ
# മരണതിരുനാൾ



**കൊടിയേറ്റം  മാർച്ച് 10 ഞായർ വൈകീട്ട് 6 മണി**

ആഘോഷമായ ദിവ്യബലി, ലദീഞ്ഞ്, നോവേന

**മാർച്ച് 19 ചൊവ്വാഴ്ച തിരുനാൾ ദിവസം**

വൈകീട്ട് 6 മണി

ജോസഫ് നാമധാരികളുടെ സമർപ്പണം,
ആഘോഷമായ ദിവ്യബലി, ലദീഞ്ഞ്, നോവേന

Celebarate a very
Special Occasion in
one of our gorgeous
Holy Communion
Dresses

ആദ്യകുർബാന
ഡ്രസ്സുകൾ

ഫാൻസി വൈറ്റ് നെറ്റുകൾ,
ക്രൗൺ, ബൊക്കകൾ,
മെഴുകുതിരികൾ എന്നിവയുടെ
കമനീയശേഖരവുമായി
ഒരുങ്ങിയിരിക്കുന്നു...



S DESIGN
BRIDALS

M.M TOWER, FATHIMA NAGAR,
EAST FORT, THRISSUR, 680006

8129008596, 9846814311

sdesignbridals@gmail.com

s.design_bridals s_design_boutique

WEDDING GOWN | ENGAGEMENT WEAR
SAREE | BAPTISM | PARTY WEARS

S DESIGN
BRIDALS



M.M TOWER, FATHIMA NAGAR,
EAST FORT, THRISSUR, 680006

8129008596, 9846814311

sdesignbridals@gmail.com

s.design_bridals s_design_boutique



WEDDING GOWN
ENGAGEMENT WEAR
SAREE
BAPTISM
PARTY WEARS



## പാവനസ്മരണയ്ക്ക്
8 – ാം ചരമവാർഷികം

## തട്ടാരുപറമ്പിൽ
# ടി.സി. പത്രോസ്

ജനനം: 05.05.1943  മരണം: 01.03.2016

സെന്റ് സേവ്യർ കുടുംബകൂട്ടായ്മ




## പാവനസ്മരണയ്ക്ക്
9 – ാം ചരമവാർഷികം

## കാഞ്ഞിരത്തിങ്കൽ വാറുണ്ണി
# ദേവസ്സി

ജനനം : 25.03.1936
മരണം : 25.03.2015

സെന്റ് തോമസ്സ് കുടുംബകൂട്ടായ്മ




# വിദ്യാർത്ഥികളോട്.....



പ്രൊഫ. ഡോ. മാണി പീറ്റർ

ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങൾ കഴിഞ്ഞ ലക്കങ്ങളിൽ വായിച്ചുവല്ലോ. ഭരണഘടനയുടെ മറ്റുസവിശേഷതകളെ തുടർന്നുവായിക്കുക.

കഴിഞ്ഞ ലക്കത്തിൽ ഭരണഘടനയുടെ ഭാഗങ്ങൾ (Parts) വായിച്ചറിഞ്ഞു. ഇതുപോലെ ഭരണഘടനയുടെ മറ്റൊരു പ്രധാനഘടകമാണ് പട്ടികകൾ (Scheules).

1. First Schedule : ഭരണഘടനയുടെ ആർട്ടിക്കിൾസ് 1-4വരെ ഇതിൽ ഉൾക്കൊള്ളുന്നു. സംസ്ഥാനങ്ങളുടെ രൂപീകരണം, അതിർത്തി തിരിക്കൽ എന്നിവ ഇവിടെ ചർച്ചചെയ്യുന്നു. സ്വാതന്ത്ര്യം കിട്ടി തുടക്കത്തിൽ 14 സംസ്ഥാനങ്ങൾ മാത്രമുണ്ടായിരുന്ന ഭാരതത്തിൽ 2024ൽ 28 സംസ്ഥാനങ്ങൾ ഉണ്ട്. First Schedule ചർച്ച ചെയ്യുന്ന മറ്റൊരുവിഷയം യൂണിയൻ ടെറിട്ടറികളുടെ രൂപീകരണമാണ്. 2024ൽ 8 യൂണിയൻ ടെറിട്ടറികൾ ഉണ്ട്. ചുരുക്കിപ്പറഞ്ഞാൽ 28 സംസ്ഥാനങ്ങളും, 8 യൂണിയൻ ടെറിട്ടറികളും കൂടിചേർന്നതാണ് ഇന്ത്യാമഹാരാജ്യം.

II. Secong Schedule : പൊതുപ്രവർത്തകർ, ഊദ്യോഗസ്ഥർ, ജഡ്ജിമാർ, ഓഡിറ്റ് ജനറൽ എന്നിവരുടെ ശമ്പളം, അലവൻസുകൾ എന്നിവയാണ് ഇവിടെ പരാമർശിക്കുന്നത്.

III. Third Schedule : ഉദ്യോഗസ്ഥർ എടുക്കേണ്ട സത്യപതിജ്ഞ (oath of office) ഇവിടെ വിവരിക്കുന്നു.

IV. Fouth Schedule : രാജ്യസഭയിലേക്കുള്ള സീറ്റുകളുടെ എണ്ണം കണക്കാക്കുന്നത് ഈ പട്ടികയിൽ പറയുന്ന നിബന്ധനകൾ അനുസരിച്ചാണ്. രാജ്യസഭയിൽ ഉള്ള സീറ്റുകളുടെ ഉയർന്ന പരിധി 250 ആണ്. 2024ൽ 245 അംഗങ്ങൾ ഉണ്ട്. 12 അംഗങ്ങളെ പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്നു. ബാക്കി അംഗങ്ങളെ സംസ്ഥാനനിയമസഭകൾ തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കാലാവധി 6 വർഷമാണ്. പക്ഷെ മൊത്തം അംഗ

ങ്ങളിൽ 33 ശതമാനം അംഗങ്ങൾ ഓരോ രണ്ടുവർഷം കൂടുമ്പോഴും പിരിഞ്ഞുപോകുന്നു. രാജ്യസഭയുടെ ചെയർമാൻ വൈസ് പ്രസിഡന്റ് ആണ്.

V. Fifth Schedule : പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളുടേയും, ജനവിഭാഗത്തിന്റേയും ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

VI. Sixth Schedule ഉൾപ്പെടുന്നതും സമാനസ്വഭാവമുള്ള വിഷയങ്ങൾ ആണ്.

VII. Seventh Schedule : ആർട്ടിക്കിൾ 246 അനുസരിച്ച് തയ്യാറാക്കിയിരിക്കുന്ന ഈ പട്ടിക വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്രസർക്കാരിന്റെ അധികാരങ്ങളും, സംസ്ഥാനസർക്കാരുകളുടെ അധികാരങ്ങളും ഇവിടെ വിവരിക്കുന്നു. ഇതിനുരണ്ടിനും പുറമെയുള്ള ഒന്നാണ് Concurrent list കേന്ദ്രസർക്കാറും, സംസ്ഥാനസർക്കാറുകളും ചേർന്ന് പ്രവൃത്തിക്കേണ്ട ഒരു പട്ടികയാണിത്. കേന്ദ്രവും, സംസ്ഥാനസർക്കാറുകളും, വ്യത്യസ്തരാഷ്ട്രീയപാർട്ടികളിലും പെട്ടവർ ആകുമ്പോൾ അധികാരതർക്കങ്ങൾ സാധാരണമാണ്. ഇന്ത്യയിലെ ഇപ്പോഴത്തെ അധികാരതർക്കങ്ങൾ പരിശോധിച്ചാൽ ഇത് വളരെ വ്യക്തമാണ്.

VIII. Eighth Schedule : ഇന്ത്യയിലെ ഔദ്യോഗിത ഭാഷകളെക്കുറിച്ച് ഇവിടെ വിവരിക്കുന്നു. (Article 344(1). ഇന്ത്യയിൽ ഇപ്പോൾ 2 ഔദ്യോഗിക ഭാഷകളും (Hindi, English) 22 അംഗീകൃത ഭാഷകളും, രൂപയിൽ അച്ചടിക്കുന്ന 15 ഭാഷകളും ഉണ്ട്. എന്നാൽ ഇന്ത്യയിൽ ഒരു ദേശീയ ഭാഷ ഇല്ല. പലരും തെറ്റിദ്ധരിക്കുന്ന പോലെ ഹിന്ദി നമ്മുടെ ദേശീയ ഭാഷ (Vational language) അല്ല. അതുപോലെ ഇംഗ്ലീഷ് ഒരു ഔദ്യോഗിക ഭാഷയായി പരിഗണിക്കുന്നത് പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ്. ഉദാ. പാർലമെന്റ് നടപടികൾ). കുറച്ചുകൂടെ കൃത്യതയോടെ പറഞ്ഞാൽ English associate official language ആണ്.

IX. Ninth Schedule: ചില നിയമങ്ങളും, നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

X. Tenth Schedule: 1985ൽ നടപ്പലായ 52-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട പട്ടികയാണിത്. MP, MLA മുതലായവർ തിരഞ്ഞെടുക്കപ്പെടുന്നത് ഏത് രാഷ്ട്രീയപാർട്ടിയെ പ്രതിനിധാനം ചെയ്താണോ, ആ പാർട്ടിയിൽനിന്ന് അവർ രാജിവെച്ചാൽ അവരുടെ MP, MLA സ്ഥാനം നഷ്ടപ്പെടും എന്നതാണ് ഈ വകുപ്പ്. ഒരു തരത്തിൽ പറഞ്ഞാൽ ജനാധിപത്യത്തിന്റെ കരുത്തും, കാവലും ആണ് ഈ വകുപ്പ്.

XI. Elevanth and Twelth Schedule. പ്രാദേശിക സർക്കാറുകളുമായി

ബന്ധപ്പെട്ടതാണിത്. ''മുകളിൽ നിന്ന് താഴേക്ക്" ഭരിക്കുന്ന രീതി മാറി "താഴേതട്ടിൽനിന്ന് മുകളിലേക്ക്" എന്ന ഗാന്ധിയൻ ആദർശം ഇന്ത്യയിൽ നടപ്പിലാകുന്നത് 73-ാം ഭരണഘടനാഭേദഗതിയിലൂടേയും, 74-ാം ഭരണഘടനാഭേദഗതിയിലൂടേയും ആണ്. ഈ ഭേദഗതികളിലൂടെ യഥാക്രമം ഗ്രാമീണ മേഖലയ്ക്കും, നഗരപ്രദേശങ്ങൾക്കും ഒരു പുതിയ ഉണർവ്വ് കൈവന്നു.

നമ്മുടെ ഭരണഘടനയുടെ parts, schedules എന്നിവ വായിക്കുമ്പോൾ, നമ്മുടെ ഭരണഘടനാശില്പികൾ എത്ര ശ്രദ്ധാപൂർവ്വമാണ് ഭരണഘടന തയ്യാറാക്കിയത് എന്ന് വ്യക്തമാകും. ഇതിനും പുറമെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ ഭരണഘടന സജ്ജമാണ്. തീർച്ചയായും 1950ലെ സാഹചര്യങ്ങൾ ആയിരിക്കുകയില്ല ഇന്നത്തേത്. കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണ്. ഇതിനുവേണ്ടി ഭരണഘടനയിലുള്ള വകുപ്പ് ആണ് Constitutional Amendments.

**Important Constitutional Amendments in India**

ഇന്ത്യൻ ഭരണഘടനയുടെ Part XX Article 38 (1) എങ്ങിനെ ഭരണഘടനാഭേദഗതി കൊണ്ടുവരാം എന്ന് വിവരിക്കുന്നുണ്ട്. ഒരു ഭരണഘടനാ ഭേദഗതി പ്രധാനമായി 3 രീതിയിൽ കൊണ്ടുവരാം.

(i) പാർളമെന്റിലെ കേവല ഭൂരിപക്ഷത്തോടെ

(ii) പാർളമെന്റിലെ പ്രത്യേക ഭൂരിപക്ഷത്തോടെ.

(iii) പാർളമെന്റിലെ പ്രത്യേക ഭൂരിപക്ഷത്തോടെയും, പകുതിയിൽ കൂടുതൽ സംസ്ഥാനനിയമസഭകളുടെ അംഗീകാരത്തോടെ എന്നാൽ Article 367.2 അനുസരിച്ച് ഭരണഘടനയുടെ ആമുഖത്തിലെ പദങ്ങളിൽ ഒരിക്കലും ഭേദഗതി ചെയ്യുവാൻ സാധ്യമല്ല. ഇനി നമുക്ക് ചില പ്രധാന ഭേദഗതികൾ പരിശോധിയ്ക്കാം.

First Amendment (1951): ഇതുവഴി ഭരണഘടനയിൽ Nineth Schedule ഉൾപ്പെടുത്തി. സംസാരസ്വാതന്ത്ര്യം, ഏത് തൊഴിൽ ചെയ്യുന്നതിനുള്ള അനുവാദം എന്നിവ ഇവിടെ ഉൾപ്പെടുന്നു. Seventh Amendment (1956): സംസ്ഥാനങ്ങളുടെ രൂപീകരണവും ആയി ബന്ധപ്പെട്ട ഭേദഗതി ആണിത്. ഈ അവസരത്തിൽ അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. സർദാർ വല്ലഭായി പട്ടേലിന്റേയും സെക്രട്ടറി വി.പി. മേനോന്റേയും സേവനങ്ങൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

Ninth Amendment (1961) : ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള വകുപ്പുകളാണ് ഈ ഭേദഗതി.

31st Amendment (1973): ഈ ഭേദഗതി അനുസരിച്ച് ലോകസഭ അംഗങ്ങളുടെ അംഗസംഖ്യ 525ൽനിന്ന് 545 ആയി വർദ്ധിപ്പിച്ചു. 1971ലെ ജനസംഖ്യ കണക്കെടുപ്പിലെ കണക്കുകളായിരുന്ന് ഈ ഭേദഗതിയുടെ അടിസ്ഥാനം.

38th Amendment (1975) : രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിയ്ക്കുവാനുള്ള അംഗീകാരം നൽകുന്ന ഒരു ഭേദഗതിയാണിത്. ഈ ഭേദഗതിയ്ക്ക് താൽപര്യം എടുത്തത് അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു. ഇതിനെത്തുടർന്ന് 1975 ജൂൺ 25ന് ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. അതിന്റെ പരിണിതഫലങ്ങളും മുൻലക്കങ്ങളിൽ വിവരിച്ചിരുന്നു.

42nd Amendment (1976) : വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണിത്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ (Preamble) ചില പദങ്ങൾ പുതിയതായി എഴുതിച്ചേർത്തു. ഇതിനുപുറമെ ഒരു പൗരന്റെ കടമകൾ (Fundmental duties) എഴുതിച്ചേർത്തു. ഏതെല്ലാം ആണ് Fundmental duties എന്ന് കഴിഞ്ഞലക്കത്തിൽ എഴുതിയിരുന്നു.

61st Amendment (1989) : വോട്ടവകാശം 21 വയസ്സിൽ നിന്ന് 18 വയസ്സിലേക്ക് കുറച്ചു. ഈ ഭേദഗതി രാജ്യത്തെ രാഷ്ട്രീയ പാർട്ടികൾ 'യുവരക്തം' കണ്ടുപിടിച്ച് അവരുടെ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ഉപാധി ആക്കിമാറ്റി.

73-74 ഭരണഘടനാഭേദഗതികൾ വളരെ പ്രധാനപ്പെട്ടതാണ്. ഇതിനെക്കുറിച്ച് നേരത്തെ പരാമർശിച്ചുവല്ലോ.

86 Amendment (2002): ഭരണഘടനയിൽ പുതിയ Article 21A ചേർക്കപ്പെട്ടത് ഇതിന്റെ ഭാഗമായി ആണ്. ഇതനുസരിച്ച് ഓരോ സംസ്ഥാനവും 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് "സൗജന്യമായും നിർബന്ധമായും" സ്കൂൾ വിദ്യാഭ്യാസം നൽകിയിരിക്കണം. സാക്ഷരതാസംരഭത്തിൽ ഒരു വലിയ വിപ്ലവമായിരുന്നു ഈ ഭേദഗതി. 2002ൽ രാജ്യത്തെ സാക്ഷരത 48 ശതമാനം ആയിരുന്നത് 2024ൽ ഏകദേശം 75 ശതമാനം ആണ്. ഈ സമയത്ത് കേരളത്തിന്റെ സാക്ഷരത 95 ശതമാനം ആണ് എന്ന് മറക്കരുത്. അതേസമയം ഇന്നലെ (ഫെബ്രുവരി 15, 2024) വന്ന ഒരു റിപ്പോർട്ട് പറയുന്നു, ഇപ്പോൾ രാജ്യത്ത് യുവജനങ്ങളുടെ തൊഴിൽ ഇല്ലായ്മ ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനം കേരളം ആണ് എന്ന്.

(തുടരും)



# വാർദ്ധക്യത്തിന്റെ വശ്യതയും വൈധവ്യത്തിന്റെ വിതുമ്പലും



പ്രൊ. ആലീസ് ഫ്രാൻസീസ്
ആലപ്പാട്ട് ഹൗസ്

വാർദ്ധക്യത്തിന്റെ, എത്ര പറഞ്ഞാലും തീരാത്ത അനുഭവങ്ങൾ! എല്ലാം ഒന്നും രേഖപ്പെടുത്തണമെന്ന് കരുതിയിരിക്കുമ്പോഴാണ് പെട്ടെന്നാണ് വെളിച്ചം പകർന്നുതന്നിരുന്ന കെടാവിളക്ക് അണഞ്ഞുപോകുന്നത്.

കാടുംപടലും ചവുട്ടിമെതിച്ച് ഒന്നിച്ചുനടന്ന്, ചിരിയും കരച്ചിലും ഒന്നാക്കിത്തീർത്ത്, ഭാവതലമുറയ്ക്ക് രൂപം കൊടുത്ത് ഒന്നാശ്വസിക്കാമെന്ന് വിചാരിച്ചതായിരുന്നു. വേദനിപ്പിച്ചു എന്നു തോന്നുന്നവരോട് മാപ്പുചോദിക്കാനും മനസ്സറിഞ്ഞ് ക്ഷമിക്കുവാനും നമ്മെ പാകപ്പെടുത്തിയെടുക്കുന്ന ഒരു മഹനീയ സന്ദർഭമാണ് വാർദ്ധക്യമെന്ന് തോന്നിയിട്ടുണ്ട്. ഒരു കുറവുമാത്രമേ വാർദ്ധക്യത്തിനുള്ളൂ. മനസ്സിന് പറന്നെത്താൻ കഴിയുന്നേടത്തൊക്കെ കൂടെവരാൻ ശരീരം ഒന്നു മടിച്ചുനിൽക്കുന്നതായി അനുഭവപ്പെടുന്നു. എന്നാലും സാരമില്ല, തിരിഞ്ഞുനിന്ന്, ഓടിത്തീർന്ന ദൂരങ്ങൾ അളന്നുനോക്കുമ്പോൾ ഉടനെതന്നെ ഉത്തരം കിട്ടുകയും ചെയ്യും.

## "നന്ദിയോടെ ഞാൻ, സ്തുതി പാടിടും എന്റെ യേശുനാഥാ..."

വാർദ്ധക്യത്തിന്റെ അന്ത്യരംഗത്തിൽ ഒരു ഇടിത്തീപോലെ കടന്നുവരുന്ന വൈധവ്യത്തിന്റെ സ്വഭാവം, എനിക്ക് പറഞ്ഞറിയിക്കാൻ അറിയുന്നില്ല. എല്ലാ കാര്യങ്ങളും ഏറ്റവും ചടുലതയോടെ ചെയ്തുതീർക്കുന്ന എന്റെ പങ്കാളി, അന്നും എന്നെ വെട്ടിച്ചുകളഞ്ഞു. ഉള്ളിലൊതുക്കാൻ കഴിയാത്ത വേദന വളരെ നിയന്ത്രണത്തോടെ, എന്നും ചെയ്യാറുള്ളതുപോലെ ഏറ്റവും ശ്രദ്ധാപൂർവ്വം എന്നെ സംരക്ഷിച്ചുകൊണ്ടുതന്നെ, ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ എന്നെ പറഞ്ഞു മനസ്സിലാക്കി: "ഞാൻ എവിടെ പോയാലും നീ എന്റെ കൂടെയുണ്ടാവണം, വേറെ ആരെയും എനിക്കു വിശ്വാസമില്ല, നീ ഉണ്ടായാലേ എനിക്കൊരു ധൈര്യം ഉണ്ടാവുള്ളൂ." യാത്രചോദിക്കുകയാണെന്ന് എനിക്കു തോന്നുമോ? ഉത്തരം എന്റെ നാവിൻ തുമ്പത്തുതന്നെ ഉണ്ടായിരുന്നു: "അങ്ങനെയല്ലേ ഞാൻ എന്നും ചെയ്തിട്ടുള്ളത്?"

"ഞാൻ വിചാരിച്ചതൊക്കെ എനിക്കു ചെയ്യാൻ കഴിഞ്ഞു." തികഞ്ഞ ആത്മസംതൃപ്തിയോടെ രണ്ടുമൂന്നുപ്രാവശ്യം ആവർത്തിച്ചു പറയുന്ന തായി കേട്ടു.

എക്കാലവും ഒരുമിച്ചിരുന്നുമാത്രം പ്രാർത്ഥിക്കാറുള്ള ആൾ അന്നു സ്വന്തമായ ചില പ്രാർത്ഥനകൾ നടത്തുന്നു. ഇപ്പോഴാണ് അതിന്റെ പൊരുൾ എനിക്കു മനസ്സിലാകുന്നത്. തിരുക്കുടുംബത്തിന്റെ ഭാഗ മായിത്തീരുവാനുള്ള ഒരുക്കമായിരുന്നിരിക്കണം. പതിവില്ലാതെ ഒരു പ്രാർത്ഥന എന്റെ മനസ്സിലും രൂപപ്പെടുന്നു.

**"തിരുക്കുടുംബമെ, ഇവിടെ സന്നിഹിതമാകണമേ!"**

പെട്ടെന്നാണ് ശ്വാസഗതി മാറുന്നതായി കാണുന്നത്. നിമിഷങ്ങൾ ക്കകം അവശതയിലേക്ക് കൂപ്പുകുത്തുകയാണ്. മകളുടെ ഫോൺകോളിന് അത്യന്തം അവശമായ ഒരു മറുപടി. "എനിക്കു തീരെ... വയ്യാ." ഞാൻ പിടിച്ചിരുന്ന ഇടത്തുകൈ തണുത്തുമരവിക്കാൻ തുടങ്ങി. കുരിശുവരച്ചു കൊടുക്കുമ്പോൾ തണുത്തുമരവിച്ച കവിളിൽ എന്റെ കൈതട്ടി. യു.കെ. യിലുള്ള മകന്റെ ചോദ്യത്തിനുത്തരമായി ഞരങ്ങിക്കൊണ്ടുള്ള ഏതാനും വാക്കുകൾ മാത്രം! ഹോസ്പിറ്റലിൽ പറന്നെത്തിയ മകൾ ഉടനടി അപ്പ ച്ചനെ ഐസിയുവിലേക്ക് മാറ്റാനുള്ള ശ്രമം. പിന്നെയെല്ലാം ഐസിയു വിൽ വെച്ച്, കൂടെ ഞാനില്ല.

പരസ്പരം പറഞ്ഞറിയിക്കാത്ത ഒരു സന്തോഷവും ദുഃഖവും ഞങ്ങൾ ക്കിടയിൽ ഇല്ലായിരുന്നു. അവസാന നിമിഷങ്ങളിൽ എത്രമാത്രം വേദ നിച്ചിട്ടുണ്ടാകും എന്ന് എനിക്കറിയില്ല. അത് ഇനി ഞാൻ അറിയാനും പോകുന്നില്ല. എന്റെ വിതുമ്പൽ എന്റെ പങ്കാളിയും അറിയുന്നില്ല.

ഒരു വചനപ്രഘോഷണത്തിൽ കേട്ടതുപോലെ, "ഞാൻ പോകുന്നു, ഇനി ഒന്നും ചെയ്യാൻ എനിക്ക് കഴിയില്ല, നിന്നെ കൊണ്ടുപോകാനുള്ള ദൈവദൂതൻ പടിവാതുക്കൽ തന്നെയുണ്ട്, വേണ്ടവിധത്തിൽ ഒരുങ്ങുക, എന്റെ രക്ഷക്കായും പ്രാർത്ഥിക്കുക." – ഇതാവില്ലേ അദ്ദേഹം അവസാന മായി മനസ്സിൽ പറഞ്ഞിട്ടുണ്ടാവുക?

എല്ലാ കാര്യത്തിലും അനുസരിക്കുന്നതിന്റെ സുഖം അനുഭവിച്ച എനിക്ക് ഈ ആജ്ഞയും അനുസരിക്കുവാൻ പൂർണ്ണസമ്മതമാണ്.

മേശപ്പുറത്തുള്ള, അങ്ങേയ്ക്ക് ഏറ്റവും പ്രിയപ്പെട്ട റിസ്റ്റ് വാച്ചിന്റെ ഹൃദയം മിടിച്ചുകൊണ്ടേയിരിക്കുന്നു, ഒരു സ്നേഹപ്രവാഹമായി.



ചോദിക്കാതെതന്നെ അനുഗ്രഹവുമായി
നമ്മെ തേടിയെത്തുന്ന യേശു

# കൂനുള്ള സ്ത്രീയും, കൈ ശോഷിച്ചവനും




**ലീനാ ഫ്രാൻസീസ്**
കൊടിയത്ത് ഹൗസ്


വി. ലൂക്കായുടെ സുവിശേഷത്തിൽ 13-ാം അദ്ധ്യായത്തിലാണ് കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്ന എന്ന ഭാഗം നമ്മൾ വായിക്കുന്നത്. ഒരു സാബത്തുദിവസം യേശു സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് ആ കൂനുറ്റ സ്ത്രീ യേശുവിന്റെ കണ്ണിൽ പെടുന്നത്. 18 വർഷമായി ആ സ്ത്രീ കൂനിയായി ജീവിച്ചു. യേശു അതൊന്നും അറിഞ്ഞിട്ടില്ല. അവൾ തന്റെ ദുഃഖകഥ യേശുവിനോട് പറഞ്ഞിട്ടുമില്ല. യേശു അവളെ കണ്ടപ്പോൾ അടുത്തുവിളിച്ചു പറഞ്ഞു: "സ്ത്രീയേ നിന്റെ രോഗത്തിൽനിന്നും നീ മോചിക്കപ്പെട്ടിരിക്കുന്നു." അവൻ അവളുടെ മേൽ കൈകൾ വെച്ചു. തൽക്ഷണം അവൾ നിവർന്നുനില്ക്കുകയും ദൈവത്തെ സതുതിക്കുകയും ചെയ്തു.

കൂനുള്ള സ്ത്രീ അവിടെ വന്നത് യേശുവിനെകാണാനോ, തന്റെ രോഗം മാറ്റിത്തരാൻ അപേക്ഷിക്കാനോ അല്ല. സിനഗോഗിൽ ദൈവവചനം കേൾക്കാൻ വന്നതാണ്. അപ്പോഴാണ് ലോട്ടറി അടിച്ചതുപോലുള്ള അനുഭവം അവൾക്കു ലഭിക്കുന്നത്.

നമുക്കും അപ്രതീക്ഷിതമായി എത്രയോ ഭാഗ്യങ്ങൾ, എത്രയോ നേട്ടങ്ങൾ, എത്രയോ അനുഗ്രഹങ്ങൾ നമ്മൾ ചോദിക്കാതെ തന്നെ ലഭിച്ചിരിക്കുന്നു!! യേശു സിനഗോഗിലെ ജനക്കൂട്ടത്തിനുള്ളിൽ നിന്നും അവളെ കണ്ടുപിടിച്ചതുപോലെ നമ്മെയും കണ്ടുപിടിച്ച് നമ്മുടെ ആവശ്യങ്ങൾ നടത്തിതരുന്നില്ലേ? പൗലോസ് ശ്ലീഹ പറയുന്നതുപോലെ "നിനക്ക് എന്ത് പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? (1 കോറി 4:7). അതെ നമുക്ക് എന്തൊക്കെ കഴിവുകളുണ്ടോ അതൊക്കെ ദൈവം നമുക്ക് ദാനമായി തന്നതല്ലേ?

വി. ലൂക്കായുടെ സുവിശേഷം 6-ാം അധ്യായത്തിൽ 'സാബത്തിൽ രോഗശാന്തി' എന്ന തലക്കെട്ടിൽ മറ്റൊരു സംഭവം നമ്മൾ വായിക്കുന്നു. അന്നും യേശു സാബത്തൽ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടെ കൈ ശോഷിച്ച ഒരുവൻ ഉണ്ടായിരുന്നു. അയാളെ നോട്ടമിട്ട് ഫരി

സേയരും നിയമജ്ഞരും ജാഗരൂകരായി ഇരിക്കുന്നുണ്ട്. യേശു സാബത്തിൽ രോഗം സുഖപ്പെടുത്തുമോ, അങ്ങനെ സാബത്തു ലംഘിക്കുമോ എന്നറിയാൻ. പക്ഷെ കൈ ശോഷിച്ചവന് ഇതൊന്നും അറിയില്ല. അയാൾ ദൈവവചനം ശ്രവിക്കാൻ വന്നുവെന്നുമാത്രം. പക്ഷേ, ഫരിസേയരുടെ മനസ്സറിഞ്ഞ യേശു കൈ ശോഷിച്ചവനോട് 'എഴുന്നേറ്റ് നടുവിൽ വന്നു നില്ക്കുക" എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. സാബത്തിൽ നന്മചെയ്യുന്നതോ തിന്മചെയ്യുന്നതോ ഉചിതം എന്ന് എല്ലാവരോടുമായി ചോദിച്ചുകൊണ്ട് ആ മനുഷ്യനോട് കൈ നീട്ടുക എന്നു പറഞ്ഞു. അവൻ കൈനീട്ടി അതു സുഖപ്പെട്ടു.

കൈ ശോഷിച്ചവൻ അപേക്ഷിച്ചതുകൊണ്ടല്ല യേശു അവനെ സുഖപ്പെടുത്തിയത്. ഫരിസേയർക്ക് അവരുടെ തെറ്റ് മനസ്സിലാക്കി കൊടുക്കാൻ അവൻ ഒരു ഉപകരണമായെന്നു മാത്രം. അവന് ലഭിച്ച രോഗശാന്തി 'വീണുകിട്ടിയ ഭാഗ്യം' പോലെയല്ലേ?

വിചാരിക്കാത്ത നേരത്ത് നമുക്കും ഇതുപോലെ ഭാഗ്യം വീണുകിട്ടുന്നില്ലേ? നമ്മൾ ചോദിക്കാതെ തന്നെ? അതിനായി നമ്മെത്തന്നെ തിരഞ്ഞെടുക്കുന്നത് യേശുവിന്റെ കരുണയല്ലേ?

മഹോദരരോഗിയും ജന്മനാ അന്ധനായവനും

ലൂക്കായുടെ സുവിശേഷം 14-ാം അദ്ധ്യായം തുടങ്ങുന്നത് തന്നെ മഹോദരരോഗിയെ സുഖപ്പെടുത്തുന്നു എന്ന തലക്കെട്ടോടെയാണ്. യേശുതന്നെ ഒരു സാബത്തുദിവസം ഫരിസേയപ്രമാണികളിൽ ഒരുവന്റെ വീട്ടിൽ ഭക്ഷണത്തിനുപോയിരിക്കയായിരുന്നു. സാബത്തിൽ രോഗശാന്തി നൽകുന്നത് നിയമലംഘനമാണെന്ന് പറയുന്ന ഫരിസേയന്റെ വീട്ടിൽവെച്ചുതന്നെ യേശു മഹോദരരോഗിയെ അടുത്തുവിളിച്ച് സുഖപ്പെടുത്തി അയച്ചു. ഫരിസേയരുടെ ചിന്താഗതിയ്ക്കുള്ള മറുപടിയായാണ് യേശു പ്രവർത്തിക്കുന്നതെങ്കിലും അതിന്റെ ഗുണ ലഭിച്ചത് ആ മഹോദരരോഗിക്കാണ്. ആ വീട്ടിൽ വേറെയും രോഗികൾ ഉണ്ടായിരിക്കാം. പക്ഷെ ഈ രോഗിയാണ് യേശുവിന്റെ ശ്രദ്ധയിൽ പെട്ടത്. തന്നെ സുഖപ്പെടുത്തണമേ എന്ന പ്രാർത്ഥന അയാളിൽനിന്നും ഉണ്ടായിട്ടില്ല. അയാൾ സൗഖ്യം പ്രാപിച്ചത് യേശു അയാളം 'തിരഞ്ഞെടുത്തു' എന്നതുകൊണ്ടുമാത്രം.

നമ്മെയും യേശു പലസന്ദർഭങ്ങളിൽ പലരിൽനിന്നും വേറിട്ടവിധത്തിൽ തിരഞ്ഞെടുത്തിട്ടില്ലേ? ചോദിക്കാതെ കിട്ടിയ ആ അനുഗ്രഹങ്ങൾക്ക് നമ്മൾ നന്ദിയുള്ളവരാണോ?

യോഹന്നാന്റെ സുവിശേഷത്തിൽ യേശു രോഗികളെ സുഖപ്പെടുത്തുന്നതായി വളരെ കുറച്ചുമാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. അതിൽ ഒരു





സംഭവമാണ് 9-ാം അധ്യായം ആരംഭത്തിൽ കാണുന്നത്. "അവൻ കടന്നു പോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു. "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ? ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടേയോ?" യേശു മറുപടി പറഞ്ഞു "ഇവന്റേയോ ഇവന്റെ മാതാപിതാക്കളുടേയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്." പിന്നീട് യേശു നിലത്തുതുപ്പി തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി. അവന്റെ കണ്ണുകളിൽ പൂശിയിട്ട് നീ പോയി സീലോഹാ കുളത്തിൽ കഴുകുക എന്നു പറഞ്ഞു. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു.

ഇവിടെയും അന്ധൻ തനിക്കുകാഴ്ചതരണേ എന്ന് യാചിച്ചില്ല. ശിഷ്യന്മാരുടെ സംശയത്തിന് യേശു അയാളെ ഉപകരണമാക്കിയെന്നുമാത്രം. സാബത്ത് ആചരിക്കാത്തവൻ പാപിയാണ് എന്നു പറഞ്ഞ് ഫരിസേയർ യേശുവിനെ കുറ്റപ്പെടുത്തുമ്പോൾ കാഴ്ച ലഭിച്ചവൻ പറയുന്നത് അവൻ ഒരു പ്രവാചകൻ ആണെന്നാണ്. അവന്റെ മാതാപിതാക്കളിൽനിന്നും യേശുവിൽ കുറ്റമാരോപിക്കാനുള്ള വകുപ്പുകളൊന്നും ലഭിയ്ക്കായ്കയാൽ വീണ്ടും അവനിലേക്കുതന്നെ മടങ്ങിയ ഫരിസേയരോട് സുഖം ലഭിച്ച അന്ധൻ പറയുന്നത് "അന്ധനായി പിറന്ന ഒരു മനുഷ്യന്റെ കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല. ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ലെങ്കിൽ ഒന്നും ചെയ്യാൻ അവനു കഴിയുമായിരുന്നില്ല."

കാഴ്ച ലഭിച്ച ഈ അന്ധനുള്ള വിശ്വാസം നമുക്കുണ്ടോ? സിനഗോഗിൽ നിന്നും പുറത്താക്കും എന്നറിഞ്ഞിട്ടും യേശു ദൈവത്തിൽനിന്നുള്ളവനാണെന്ന് അവൻ തീർത്തു പറയുന്നു. അനുഗ്രഹങ്ങൾ സ്വീകരിക്കുക മാത്രമല്ല, അതു നൽകിയവനോട് നന്ദിയും അവനിലുള്ള വിശ്വാസവും ഏറ്റുപറയുവാൻ നമ്മൾ തയ്യാറാകാറുണ്ടോ?


**FINEX**

**Electricals & Sound**

**Olarikkara, Thrissur Pin - 680 012**

**Phone : 0487 - 23621976, Res : 2366490, Mob : 9847867312**

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**

# Fun with English: What's in a Word? (005)



**Dr. Betsy Paul C.**

Word of the Month: Up

All of us might have experienced this. Very small things, very small incidents, and people whom we had not considered as important will have a great significance at some time or other in our life. And we will wonder why we did not consider them important earlier.

This month we will talk about a very small word - "UP." Though the word is small it has many applications and implications so that we can call it quite a powerful word.

We humans are always curious about what is "up there." One of our most popular nursery rhymes looks at a star and wonders,

"Twinkle, twinkle little star,

How I wonder what you are,

Up above the world so high,

Like a diamond in the sky".

Here "up" means in a higher position.

"Up" means different things when combined with different words. Now, shall we find the meaning of the words/phrases in *italics* in the write-up below?

Sunny *jumped up in the air*[1] and caught the biscuit Rose was holding in her hand.

"He is learning things very fast," she told her sister, Rita. Rita, who was tying up[2] her school assignments into a neat roll, nodded, smiling.

"Yes, Sunny is a smart puppy," Rita agreed as she pulled up[3] Sunny's collar.

"I hope your drama practice at school is going well." Rita asked Rose.

"I don't know," replied Rose sadly. "I don't think I am up to the mark[4]."

"Why? What's up[5]?" Rita knew that Rose was very excited about having got a chance to act in a play for the school anniversary. She was the only actor in the play who was not a member of the Drama Club of their school. Rose had wanted to join the Club very much, but she was absent on the day they collected the names of students who wanted to join the Drama Club and by the time she gave her name, the admission to the Club was closed. It was pure luck that she got selected to act in the play. At the same time, during the rehearsals, though she was putting in a lot of hard work, Rose felt that the others (with the training they had got from the Club) were performing much better than her. But then, life has its ups and downs[6]. One must face up to[7] them both with calmness.

"Yesterday, when the rehearsal was over, all others were whispering amongst themselves. They never told me anything. I think something is up[8]. Maybe they want me out of the play. Maybe that was what they were whispering amongst themselves….." Rose's voice broke and Rita noticed her eyes brimming with tears.

Before Rita could reply, Sunny started barking and they heard the doorbell ring. Rita got up[9] and opened the door. A group of kids got into the room, singing "Welcome to the Club, Rose!" Sanu, the student president of the Drama Club came up to Rose and pinned a badge on her collar.

"Yesterday, during the rehearsals, because you were acting so well, Lalitha ma'am, the teacher in charge of the Drama Club, asked our opinion about giving you a membership in the Club. After the rehearsal, all of us were talking about it. Every one of us wanted you in the Club. We were so busy talking about it that we didn't even see you leave the school yesterday," he said in one breath.


"And now," said Leena, slipping her hands into Rose's hands "we are taking you to the Club meeting which is to begin soon. Do come."


Rita saw Rose's eyes brimming with tears again, but this time it was because of an entirely different emotion.

Check how many meanings you got correct:

| | **Phrase** | **Meaning** |
|---|---|---|
| 1 | Jumped up in the air | Jumped towards a higher position |
| 2 | Tie things up | Put things in a compact, secure state |
| 3 | Pulled up | Pull and place something in an erect position |
| 4 | Up to the mark | Reaching the normal standard |
| 5 | What's up? | What's going on |
| 6 | Ups and downs | Good times and bad times |
| 7 | Face up to | Accept bravely |
| 8 | Something is up | Something unusual (and perhaps undesirable) is happening |
| 9 | Got up | Rose up from sitting |
| 10 | Write-up | Written or published account |

Here are some interesting books with the word "UP" in their title.






| Title of the Book | Author |
|---|---|
| *Up the Down Staircase* | Bel Kaufman |
| *Falling Up* | Shel Silverstein |
| *Up from Slavery* | Booker T. Washington |
| *I Am Malala: The Story of the Girl Who Stood Up for Education and was Shot by the Taliban* | Malala Yousefzai |
| *Batter Up, Charlie Brown* | Charles M. Schultz |

And, here are some movies with t he word "UP" in the title:







| Title of the Movie | Year of Release |
|---|---|
| *Upgraded* | 2024 |
| *Up* | 2009 |
| *Wake Up, Sid* | 2009 |
| *Honey, I Blew Up the Kid* | 1992 |
| *Bringing Up Baby* | 1938 |




*Word Up* (also known as *Word Soup*) is an interesting word game similar to Scrabble.

**Quotes for the Month:**

“Those who are happiest are those who do the most for others.”
–Booker T. Washington, *Up from Slavery*

“I would permit no man, no matter what his color might be, to narrow and degrade my soul by making me hate him.”
– Booker T. Washington, *Up from Slavery*

“Tell me I'm clever,
Tell me I'm kind,
Tell me I'm talented,
Tell me I'm cute,
Tell me I'm sensitive,
Graceful and Wise
Tell me I'm perfect---
But tell me the TRUTH.”
–Shel Silverstein, "Falling Up"

**Question of the Month:**
What is an “uprising”?

A. Rising up
B. Coming over
C. A revolt
D. Sun rise

Ans. C. A Revolt or rebellion

# ശപിക്കപ്പെട്ട 'കുരിശുകൾ' നന്ദിയായി തീരുമ്പോൾ



**Br. Rio Capuchin,**
ACC അധ്യാപകൻ,
Calvary Ashram, Thrissur


അസൂയ തോന്നിപോകുന്നു ചിലപ്പോഴൊക്കെ ഇവരോട്... എവിടെനിന്നോ കയറിവന്ന് യേശുവിന്റെ സഹായത്തിനായി നിയോഗിക്കപ്പെടുന്നവൻ; ശിമയോൻ. യേശുവിന്റെ തോളിലേറ്റപ്പെട്ട കുരിശും ചുമന്ന്, യേശുവിന്റെ തോളോടുചേർന്ന് താൻ പോലും അറിയാതെ അവൻ നടന്നു നീങ്ങിയത് രക്ഷയിലേയ്ക്കായിരുന്നു. മറ്റൊരുവൻ; തന്റെ കുരിശിലെ അവസാന നിമിഷങ്ങളിൽ പറുദീസ സ്വന്തമാക്കിയ നല്ല കള്ളനും. യേശു പറഞ്ഞു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേസ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്തായി 21:31). മഗ്ദലന മറിയത്തേയും, ശിമയോനെയും, നല്ലകള്ളനെയും നോക്കികൊണ്ട്, ഈ വചനം എങ്ങനെ സംഭവിക്കുമെന്ന് ചോദിക്കാൻ ലോകത്തിനു സാധിക്കുകയില്ല. ഇതുതന്നെയാണ് യേശു നൽകുന്ന രക്ഷയിലേക്കുള്ള പാതയുടെ വ്യത്യസ്ഥതയും.

തനിക്കു ലഭിച്ച സൗഭാഗ്യം മനസ്സിലാക്കാതെ സ്വയം ശപിച്ചവനാണ് കിറേനേക്കാരനായ ശിമയോൻ. അപമാനത്തിന്റെയും നിന്ദനത്തിന്റെയും കുരിശു ചുമക്കാൻ താൻ നിയോഗിക്കപ്പെടുമ്പോൾ, അതും ചുറ്റുമുള്ളവരുടെ പരിഹാസമേറ്റും അടിയും തൊഴിയുമേറ്റ് നടന്നു നീങ്ങുന്ന, എല്ലാവരാലും ശപിക്കപ്പെടുന്ന ഒരു മനുഷ്യന്റെ കൂടെ നടന്നു നീങ്ങേണ്ട അവസ്ഥയെയോർത്ത് ശിമയോൻ സ്വയം ശപിക്കുന്നു. മുന്നോട്ട് നടക്കാൻ പോലും കെൽപ്പില്ലാത്ത തന്റെ കൂടെയുള്ള ആ യുവാവിനെ ശിമയോൻ അടിമുടി ഒന്ന് നോക്കി; അത്രമാത്രം അവൻ പ്രഹരിക്കപ്പെട്ടിരുന്നു. ശരീരം മുഴുവൻ ആഴമായ മുറിവേറ്റ് രക്തം വാർന്നൊഴുകുന്നു. ഇടയ്ക്ക് പലയിടങ്ങളിലും അവൻ തളർന്നു വീഴുന്നുമുണ്ട്. എന്നാൽ ശിമയോൻ ആ യുവാവിനെക്കുറിച്ച് അധികമൊന്നും അറിയാൻപോലും ആഗ്രഹിക്കുന്നില്ല. എത്രയും വേഗം ഈ ദുരിതയാത്ര ഒന്ന് അവസാനിച്ചിരുന്നെങ്കിൽ എന്ന ചിന്തമാത്രമേ ശിമയോന് ഉണ്ടായിരുന്നുള്ളൂ. താൻ എന്തിന് ഒരു ശപിക്കപ്പെട്ടവനുവേണ്ടികുരിശു ചുമക്കണം എന്ന ചിന്ത പലപ്പോഴും ശിമയോനെ കൂടുതൽ ക്രുധനാക്കുന്നു. പക്ഷേ യഹൂദ പടയാളികൾക്കു മുൻപിൽ എല്ലാം കടിച്ച് അമർത്തി നിൽക്കുകയേ തരമുള്ളൂ. ഒടുവിൽ കാൽവരിമലയുടെ നെറുകയിൽ എത്തിച്ചേർന്ന് ആ ഭാരം ഇറക്കി വച്ച്, നിറഞ്ഞ നിരാശയോടും നാണക്കേടോടുംകൂടെ തിരിച്ചുനടക്കുമ്പോൾ ശിമയോൻ ആ മനുഷ്യന്റെ നേർക്ക് ഒന്നുകൂടി നോക്കുന്നുണ്ട്. എന്നാൽ ആ കാഴ്ച്ചയിൽ ശിമയോന്റ കണ്ണുകൾ ആ വിരൂപമായ മുഖത്ത് ഏതാനും സമയത്തേക്ക് നിശ്ചലമാകുന്നു. ഇതിനുമാത്രം ഈ യുവാവ് എന്തു ചെയ്തുവെന്ന സംശയമാണ് ശിമയോന്റെ മുഖത്ത് അപ്പോൾ നിഴലിക്കുന്നത്. പിന്നീടുള്ള മൂന്നു ദിവസം തനിക്കു ഏൽക്കേണ്ടിവന്ന അപമാനത്തെ കുറിച്ചോർത്ത് വീട്ടിൽതന്നെ കഴിച്ചുകൂട്ടുന്നു. മൂന്നാം ദിവസം രാവിലെ ഉണർന്നെഴുന്നേൽക്കുന്ന ശിമയോന് തന്റെ ജീവിതത്തിൽ ഒരു പുതിയ ചൈതന്യം പ്രകടമാകുന്നു. തന്റെ ഇന്നലെകൾ മറന്ന് പുതിയ ഒരു ജീവിതത്തിന്റെ തുടക്കമായിരുന്നു പിന്നീടുള്ള ശിമയോന്റെ ജീവിതം.

താൻ ചെയ്ത ചെറിയ ഒരു കുറ്റത്തിന് പിടിക്കപ്പെട്ട് കുരിശിലേറ്റപ്പെട്ട വ്യത്യസ്ഥനായ കള്ളനേയും നാം കണ്ടുമുട്ടുന്നുണ്ട്. തന്റെ കൂടെ മറ്റൊരു കുരിശിൽ ക്രൂശിക്കപ്പെട്ടിരിക്കുന്നത് ലോകം കാത്തിരിക്കുന്ന രക്ഷകനാണെന്ന തിരിച്ചറിവ് അവന് ഉണ്ടാകുന്നതുകൊണ്ടാണ് ആ കള്ളൻ വ്യത്യസ്ഥനായ'ന ല്ലകള്ളനായി' ബൈബിളിൽ നാം കാണുക. തന്റെ കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ ഇത്രയേറെ സഹിച്ചിട്ടും ഒന്നു പ്രതികരിക്കുകയോ, ക്ഷോപിക്കുകയോ ചെയ്യാതെ എല്ലാം ക്ഷമയോടെ ഏറ്റു വാങ്ങുന്നത് കാണുന്ന മാത്രയിൽ, നല്ല കള്ളൻ അവനിൽ ദൃഷ്ടിയുറപ്പിക്കുന്നുണ്ട്. ഈ മനുഷ്യനിൽ തീർച്ചയായും എന്തോ അസ്വഭാവികതയുണ്ടെന്ന് നല്ല കള്ളൻ മനസ്സിലാക്കുന്നു. ക്രൂശിനു താഴെ വിലപിച്ചു കൊണ്ട് ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് നിൽക്കുന്ന പരിശുദ്ധ കന്യകമറിയത്തേയും, കൂടെ മറ്റു സ്ത്രീകളേയും അവൻ കാണുന്നുണ്ട്. ക്രിസ്തുവിനെയോർത്ത് അകലെ വിലപിച്ചുകൊണ്ട് ഇതെല്ലാം നോക്കി നിൽക്കുന്ന യഹൂദരല്ലാത്ത മറ്റു സ്ത്രീകളെയും കാണുന്ന അവന്, തന്റെ കൂടെ കിടക്കുന്നത് നീതിമാനാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. പിന്നീട് അവസാനമാർഗ്ഗം എന്ന നിലയിലായിരിക്കാം ഒരു പക്ഷേ നല്ല കള്ളൻ യേശുവിനോട് ആവശ്യപ്പെടുന്നത് 'പറുദീസായിൽ എത്തുമ്പോൾ എന്നെകൂടെ ഓർക്കേണമേ'. എന്നാൽ ഒന്ന് തീർച്ച, കർത്താവ് നൽകിയ നിത്യജീവൻ സ്വന്തമാക്കിയ അവൻ തനിക്കു കിട്ടിയ കുരിശിനെയോർത്ത് ദൈവത്തിനു നന്ദി പറഞ്ഞ ആദ്യ വ്യക്തിയായി മറി.

തകർച്ചകളും, അപമാനങ്ങളും, നിന്ദനങ്ങളും ഏൽക്കപ്പെടുമ്പോൾ ഇതു പോലുള്ള സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകുന്നുണ്ട്; രക്ഷകനൊപ്പം നടന്നു നീങ്ങിയിട്ടും അത് പലപ്പോഴും മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥ, നാം ചുമക്കുന്നത് നമ്മുടെ സ്വന്തം കുരിശുകളാണെന്നും; നമ്മുടെ കുരിശു ചുമക്കാൻ യേശുവാണ് നമ്മെ സഹായിക്കുന്നതെന്നും, അവൻ എപ്പോഴും നമ്മുടെ സഹായത്തി നുണ്ടെന്നും, നിത്യരക്ഷ അവനിലൂടെ മാത്രമേയുള്ളൂവെന്നും, അവനോടു ചേർന്നുള്ള സഹനങ്ങൾക്കൊടുവിൽ നിത്യ സമാധാനം നമുക്കായി ഒരുക്കപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാക്കൻ പറ്റാത്ത ശിമയോനെപ്പോലുള്ള നമ്മുടെ അവസ്ഥകൾ. എന്നാൽ അതിൽനിന്നും വ്യത്യസ്ഥമായി ക്രിസ്തുവിനെ കണ്ടെത്തികഴിഞ്ഞാൽ അവനോട് ചേർന്ന് സഹിക്കുവാനും സ്വന്തം കുരിശുകൾ വഹിക്കുവാനും സ്വന്തം കുരിശിനെ പ്ര തി നന്ദിപറയുവാനും അങ്ങനെ നിത്യജീവൻ സ്വന്തമാക്കാനും നല്ല കള്ളനെപ്പോലെ നമ്മൾ പഠിക്കണം. ഒന്നുമറിയാത്തവനായി വന്ന് മിശിഹായുടെ കുരിശുചുമന്ന് അവനെ അനുയാത്ര ചെയ്യാൻ ശിമയോന് കിട്ടിയ ഭാഗ്യമാണ് യഥാർത്ഥ ക്രിസ്ത്യാ നിയാകാനുള്ള ദൈവവിളി. നമുക്കും ആ സൗഭാഗ്യം യേശുനാഥൻ നൽകുന്നുണ്ട്. സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കുവിൻ (മത്തായി 10:38) എന്ന ക്രിസ്തു നാഥന്റെ വാക്കുകളാണ് ആ നിത്യസൗഭാഗ്യത്തിലേക്കുള്ള വിളി. അവനോടുകൂടെ ക്രൂശിക്കപ്പെടാനും പാപത്തിൽ മരിച്ച്, നിത്യജീവൻ (cf. റോമ 6:22) സ്വന്തമാക്കേണ്ട നമ്മുടെ ജീവിതങ്ങൾ പിന്നെ എന്തിനു ശാപമായി തീരണം? മറിച്ച് ഇത് നന്ദിയാകേണ്ട ജീവിതമല്ലേ? അങ്ങനെയെങ്കിൽ നമ്മുടെ ജീവിതത്തിലെ തകർച്ചകളും, നിന്ദനങ്ങളും, ജീവിത സാഹചര്യങ്ങളുമാകുന്ന കുരിശുകളെല്ലാം നന്ദിയായി തീരട്ടെ... നിത്യജീവ നിലേയ്ക്കും വിശുദ്ധിയിലേക്കുമുള്ള ഏകധാരകളായി രൂപാന്തരപ്പെടട്ടെ...

# കളറിംഗ് മത്സരം




പേര്...................................................................................ക്ലാസ്.................................

കുടുംബകൂട്ടായ്മ..........................................ഫോൺ.......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## <u>മത്സര വിജയികൾ</u>

**1. LKG & UKG**

**Ist തെരേസ റോസ് ലിബിസൻ**
സെന്റ്. സേവ്യർ

**2. LP**

**Ist ആൻസ്റ്റിൻ ജോയ്**
സെന്റ്. അൽഫോൻസ

**IInd ആൻലിയോ**
(സെന്റ്. സേവ്യർ)

**3. UP**

**Ist സെറ ചാച്ചു ജോസഫ്**
സെന്റ്.ആന്റണീസ്

**IInd ആദർശ് ആന്റോ ജോസഫ്**
(സെന്റ്. സേവ്യർ)

# ബൈബിൾ വായനകൾ



## മാർച്ച് – 2024

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **31**<br>ഏശ 60:1–7<br>1 സാമു 2:1–10<br>റോമാ 5:20–6:23<br>മത്താ 28:1–6 | | | | | **1**<br>2 കോറി 9:11–15<br>ലൂക്കാ 12:29–34 | **2**<br>2 കോറി 6:14–7:1<br>ലൂക്കാ 8:42–48 |
| **3**<br>ഉത്പ 19:1–11<br>2സാമു12:1–7,13–17<br>2 തിമോ 2:22–26<br>മത്താ 5:27–32 | **4**<br>2 പത്രോ 1:1–9<br>മർക്കോ 7:14–23 | **5**<br>ഹെബ്രാ 12:14–17<br>ലൂക്കാ 11:33–41 | **6**<br>വെളി 3:1–6<br>മർക്കോ 10:46–52 | **7**<br>1 തെസ 4:1–8<br>ലൂക്കാ 5:12–16 | **8**<br>ഹെബ്രാ 10:1–10<br>യോഹ 17:9–19 | **9**<br>വെളി 3:14–22<br>ലൂക്കാ 24:44–49 |
| **10**<br>ഉത്പ 4:8–16<br>1 സാമു 24:1–8<br>1 യോഹ 1:5–10<br>യോഹ 8:1–11 | **11**<br>എഫേ 4:1–6<br>ലൂക്കാ 17:1–6 | **12**<br>1 പത്രോ 3:8–12<br>മത്താ 5:38–48 | **13**<br>1 തെസ 5:12–18<br>മത്താ 18:15–20 | **14**<br>1 കോറി 13:1–8<br>മത്താ 18:21–35 | **15**<br>ഹെബ്രാ 9:23–28<br>മത്താ 20:20–28 | **16**<br>1 കോറി 2:1–8<br>മത്താ 17:1–9 |
| **17**<br>നിയ 8:1–10<br>2 മകക്ക 6:18–31<br>1 പത്രോ 4:12–19<br>മർക്കോ 8:31–9:1 | **18**<br>1 പത്രോ 2:18–23<br>മത്താ 12:15–21 | **19**<br>2 കോറി 10:3–11<br>മത്താ 1:18–25 | **20**<br>റോമാ 8:31–39<br>മത്താ 10:17–22 | **21**<br>2 തിമോ 1:6–14<br>മർക്കോ 10:32–34 | **22**<br>റോമാ 5:12–17<br>യോഹ 11:32–44 | **23**<br>2 കോറി 2:14–17<br>യോഹ 12:1–11 |
| **24**<br>ഉത്പ 49:8–12<br>ഉത്പ 22–26<br>സഖ 9:9–12<br>റോമാ 11:13–24<br>മത്താ 21:1–17 | **25**<br>ഹെബ്രാ 1:1–13<br>ലൂക്കാ 1:26–38 | **26**<br>ഹെബ്രാ 13:10–16<br>ലൂക്കാ 20:9–19 | **27**<br>2 കോറി 5:1–10<br>യോഹ 12:20–36 | **28**<br>1 കോറി 11:23–29<br>യോഹ 13:1–14+<br>മത്താ 26:26–30 | **29**<br>റോമാ 5:6–16<br>ലൂക്കാ 22:63–23:12 | **30**<br>റോമാ 6:3–11<br>മത്താ 28:1–20 |

# സ്നേഹസ്മരണയ്ക്ക്

## 4-ാം ചരമവാർഷികം



## പോന്നോര് വള്ളുകുളം ആന്റണി ഭാര്യ

# ശാന്ത

**ജനനം: 03.12.1950 മരണം : 11.03.2020**

സെന്റ് ഗോൺസാല കുടുംബകൂട്ടായ്മ

# RECORD BREAKING RESULTS

## Achievers of **CAT 23** (MBA Entrance)




**36** Students cross **90** Percentile, **77** Students cross **80** Percentile

# CAT 24/25

(MBA Entrance)

**ADMISSION**
**OPEN**

WEEKDAY
WEEKEND
**BATCHES**

**T.I.M.E.**
Triumphant Institute of
Management Education Pvt. Ltd.
THRISSUR

8086 44 00 33

CAT | CMAT | BANK | SSC | GMAT® | GRE® | CLAT | IPM | CUET

NIRMALA hiprint,tsr 2387393